# തത്വദീക്ഷയില്ലാത്ത ജീവിതം

**ഹെൻറി ഡേവിഡ് തോറോ**

പരിഭാഷ: ശ്യാം ബാലകൃഷ്ണൻ

*ഹെൻറി ഡേവിഡ് തോറോ(1817–1862)യെ ആദ്യമായി വായിക്കുന്നവരെ ഉദ്ദേശിച്ചാണ് പ്രധാനമായും ഈ കുറിപ്പ്. 'ഉപജീവനം കണ്ടെത്തൽ' എന്ന വിഷയത്തിൽ 1854 മുതൽ തോറോ നടത്തിയ പ്രഭാഷണങ്ങളാണ് 'തത്വദീക്ഷയില്ലാത്ത ജീവിതം' (life without principle) എന്ന പേരിൽ പിന്നീട് ലേഖനമായത്. എന്നാൽ ഈ ലേഖനം ഉപജീവന മാർഗ്ഗത്തെക്കുറിച്ചു മാത്രമല്ല, ആധുനികമനുഷ്യന്റെ ദൈനംദിന വ്യവഹാരങ്ങളെയെല്ലാം നിശിതമായി വിലയിരുത്തുന്നുണ്ട്; ചിലയിടങ്ങളിൽ തോറോയുടെ ജ്ഞാനാനുഭവങ്ങളെ സൂക്ഷ്മമായി വെളിപ്പെടുത്തുന്നുമുണ്ട്. പ്രകൃതിയുമായുള്ള മനുഷ്യന്റെ താദാത്മ്യമാണ് ജ്ഞാനത്തിന്റെ ഉറവിടമെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.*

*മനുഷ്യത്വത്തിന്റെ മഹത്വത്തെക്കുറിച്ച് തോറോയ്ക്കുള്ള പൂർണ്ണബോധ്യവും അതിനോട് അദ്ദേഹം പുലർത്തുന്ന സത്യസന്ധതയും സമർപ്പണവും, ഹൃദയസ്പർശിയായി ഈ ലേഖനത്തിലുടനീളം കാണാം. പ്രവാചകസ്വഭാവമുള്ള ലേഖനത്തിന്റെ സമകാലികത നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. മണിക്കൂറുകളോ, ഏറിയാൽ ആഴ്ചകളോ മാത്രം ആയുസുള്ള വിഷയങ്ങളുടെ നിലയില്ലാക്കയത്തിൽ വീണുപോകുന്ന മനുഷ്യന് തോറോ എക്കാലവും പിടിവള്ളിയാണ്.*

*ലേഖനത്തിലെ ചില പരാമർശങ്ങൾ തോറോ ഒരു അരാഷ്ട്രീയവാദിയാണെന്ന തോന്നലുളവാക്കാനിടയുണ്ട്. എന്നാൽ അടിമസമ്പ്രദായമുൾപ്പടെയുള്ള കാതലായ പ്രശ്നങ്ങളോട് വിട്ടുവീഴ്ചയില്ലാതെ പോരാടിയിട്ടുണ്ട് അദ്ദേഹം. നിയമലംഘനമെന്ന ഉത്തരവാദിത്തത്തെക്കുറിച്ച് (On the dtuy of civil disobedience) എന്ന തോറോയുടെ കൃതിയിൽ നിന്നാണ് ഗാന്ധി അദ്ദേഹത്തിന്റെ നിസ്സഹകരണപ്രസ്ഥാനമെന്ന ആശയം പ്രധാനമായും രൂപപ്പെടുത്തുന്നത്. ലിയോ ടോൾസ്റ്റോയ്, മാർട്ടിൻ ലൂതർകിംഗ് തുടങ്ങിയവരും തോറോയുടെ കൃതികളാൽ കാര്യമായി സ്വാധീനിക്കപ്പെട്ടവരാണ്. തോറോ, അമേരിക്കയിലെ മസാച്ചുസെറ്റ്സ് പ്രദേശത്തെ കോൺകോഡ് ഗ്രാമത്തിലാണ് ജനിച്ചത്. വാൽഡൻ (walden); തടാകക്കരയിലെ ജീവിതക്കുറിപ്പുകൾ, അദ്ദേഹത്തിന്റെ മറ്റു പ്രധാന കൃതികളിൽ ഉൾപ്പെടുന്നു.*

**ജീവിതത്തെക്കുറിച്ച്** ഞാൻ എന്താണ് വിചാരിക്കുന്നതെന്ന് ഒരാൾ ചോദിക്കുകയും അതിന് എനിക്കുള്ള ഉത്തരം ശ്രദ്ധിക്കുകയും ചെയ്യുന്നതാണ് എനിക്ക് കിട്ടാവുന്നതിൽവച്ച് ഏറ്റവും ഗംഭീരമായ പ്രശംസ. അങ്ങനെ സംഭവിക്കുമ്പോൾ, അതെന്നെ ആശ്ചര്യപ്പെടുത്തുകയും തികച്ചും സന്തുഷ്ടനാക്കുകയും ചെയ്യുന്നു. ഒരാൾക്ക് ഒരു ഉപകരണവുമായി നല്ല പരിചയം വന്നതിനാൽ അതിനെ ഏറ്റവും അപൂർവ്വമായ രീതിയിൽ ഉപയോഗിക്കുന്നതു പോലെയാണത്. ഞാൻ സ്ഥലം അളക്കുന്ന ആളായതിനാൽ, ആളുകൾക്ക് സാധാരണ എന്നിൽനിന്ന് അറിയേണ്ടത് അവരുടെ സ്ഥലം എത്ര ഏക്കറുണ്ടെന്നു മാത്രമാണ്. അല്ലെങ്കിൽ, ഞാൻ ചുമക്കുന്ന ചില നിസ്സാര വാർത്തകളാണ്. എന്റെ കാമ്പിനായി അവരൊരിക്കലും ആഴത്തിലേക്ക് ഇറങ്ങുകയില്ല; പുറംതോടാണ് അവർക്ക് ഇഷ്ടം.

ഒരിക്കൽ കുറേ ദൂരെനിന്നും ഒരാൾ അടിമത്തത്തെക്കുറിച്ച് പ്രസംഗിക്കാമോ എന്നു ചോദിച്ച് എന്നെ കാണാൻ വന്നു. വിശദമായി സംസാരിച്ചപ്പോഴാണ് മനസ്സിലായത്, അദ്ദേഹവും സംഘവും നടത്തുന്ന എട്ട് പ്രഭാഷണങ്ങളിൽ ഒന്നു മാത്രമാണ് എന്റേതെന്ന്. അതിനാൽ ഞാൻ ആ ക്ഷണം നിരസിച്ചു. എന്നെ എവിടെയെങ്കിലും പ്രഭാഷണത്തിന് ക്ഷണിക്കുമ്പോൾ - ഇക്കാര്യത്തിൽ എനിക്ക് അത്യാവശ്യം അനുഭവസമ്പത്തുണ്ട് - ഞാൻ ഈ രാജ്യത്തെ ഏറ്റവും വലിയ വിഡ്ഢിയായിരിക്കാമെങ്കിലും, ഞാൻ എന്തൊക്കെയാണ് ചിന്തിക്കുന്നതെന്ന് കേൾക്കാൻ ആളുകൾക്ക് വളരെ താൽപ്പര്യമാണെന്നു ഞാനങ്ങു തീരുമാനിക്കും. ശ്രോതാക്കൾ സമ്മതിച്ചേക്കാവുന്നതോ അവർക്ക് സുഖിച്ചേക്കാവുന്നതോ ആയ കാര്യങ്ങളൊന്നും അവരോട് പറയേണ്ടതില്ലെന്നും, നല്ല ശക്തിയുള്ളൊരു ഡോസ് അവർക്ക് കൊടുക്കണമെന്നും ഞാൻ ഉറപ്പിക്കും. അവർ എനിക്കു വേണ്ടി ആളെ അയച്ചിരിക്കുന്നു; പണവും ചിലവഴിക്കുന്നു. അതുകൊണ്ട്, ഞാനവരെ സകലപരിധിക്കുമപ്പുറം മുഷിപ്പിച്ചാലും, അവർക്കെന്നെ മുഴുവനുമായിത്തന്നെ കിട്ടേണ്ടതുണ്ട്.

ഏതാണ്ട് ഇതൊക്കെത്തന്നെയാണ് എനിക്കെന്റെ വായനക്കാരോടും പറയാനുള്ളത്. നിങ്ങളെന്റെ വായനക്കാരായതിനാലും, ഞാൻ അത്ര വലിയ യാത്രക്കാരനൊന്നുമല്ലാത്തതിനാലും, ആയിരം മൈൽ അകലെ ഉള്ളവരെക്കുറിച്ചല്ല, കഴിയുന്നത്ര അടുത്തുള്ളവരെ പറ്റിയാണ് ഞാൻ പറയുക. നമുക്ക് സമയം അധികമില്ലാത്തതിനാൽ, ഞാൻ എല്ലാത്തരം പ്രശംസകളും വിട്ടുകളഞ്ഞ് വിമർശനങ്ങൾ മാത്രം ഇതിൽ സൂക്ഷിക്കുന്നുമുണ്ട്.

നാം നമ്മുടെ ജീവിതം ചിലവഴിക്കുന്നതെങ്ങനെയെന്ന് നമുക്കൊന്ന് പരിശോധിക്കാം. ഈ ലോകം ഒരു ചന്തയാണ്; എന്തൊരു അവസാനമില്ലാത്ത പരക്കം പാച്ചിൽ! മിക്കവാറും എല്ലാ രാത്രികളിലും തീവണ്ടി എഞ്ചിന്റെ കിതപ്പ് എന്നെ ഉണർത്താറുണ്ട്; അതെന്റെ സ്വപ്നങ്ങളെ തടസ്സപ്പെടുത്തുന്നു. സാബത്ത് എവിടേയും ആചരിക്കപ്പെടുന്നില്ല[1]! മനുഷ്യരാശി ഒരിക്കലെങ്കിലും ഉല്ലാസത്തോടെ വിശ്രമിക്കുന്നത് കാണുവാനായെങ്കിൽ അതേറ്റവും മനോഹരമായിരുന്നേനെ. അദ്ധ്വാനം, അദ്ധ്വാനം, അദ്ധ്വാനം ഇതല്ലാതെ മറ്റൊന്നുമില്ല. എനിക്ക് എന്റെ ചിന്തകൾ കുറിച്ചിടാൻ പറ്റുന്ന ഒരു നോട്ടുബുക്ക് വാങ്ങാൻ പോലും നിവൃത്തിയില്ല; അതുമുഴുവൻ കാശിന്റെ കണക്കെഴുതാൻ പാകത്തിൽ വരയിട്ട് വെച്ചിട്ടുണ്ടാവും. ഒരിക്കൽ ഞാൻ വയലിലിരുന്നു കുറിപ്പെഴുതുന്നതുകണ്ട ഒരു ഐറിഷുകാരന്, ഞാൻ എന്റെ ശമ്പളം കണക്കുകൂട്ടുകയായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവും ഉണ്ടായിരുന്നില്ല. ഒരാൾ ശൈശവത്തിൽ ജനാല വഴി പുറത്തേക്കെറിയപ്പെട്ട് അയാൾ വികലാംഗനായെന്നോ, അതല്ല റെഡ് ഇന്ത്യക്കാർ പേടിപ്പിച്ച് അവനൊരു മന്ദബുദ്ധിയായെന്നോ ഇരിക്കട്ടെ; അതിൽ ആളുകൾ പ്രധാനമായും ദുഖിക്കുക, അങ്ങനെ അവന് കച്ചവടം നടത്താനുള്ള ശേഷി നഷ്ടപ്പെട്ടല്ലോ എന്നു കരുതിയാവും. എനിക്ക് തോന്നുന്നത്, അവസാനിക്കാത്ത ഈ കച്ചവടത്തെക്കാൾ കവിതയ്ക്കും തത്വശാസ്ത്രത്തിനും എന്തിന് ജീവിതത്തിന് തന്നെയും വിരോധിയായി മറ്റൊന്നും ഇല്ലെന്നാണ്. വാസ്തവത്തിൽ കുറ്റകൃത്യങ്ങൾപ്പോലും ഇത്ര അപകടകാരിയല്ല.

ഞങ്ങളുടെ നഗരത്തിൽ പരുക്കനും പൊങ്ങച്ചക്കാരനുമായ പണം ഉണ്ടാക്കുന്ന ഒരുത്തനുണ്ട്. അയാൾ തന്റെ പറമ്പിലെ കുന്നിനും, പുൽത്തകിടിക്കുമിടയിൽ ഒരു മതിൽ പണിയാൻ തീരുമാനിച്ചു. അവനെ അവന്റെ വികടത്തരങ്ങളിൽ നിന്ന് മാറ്റിനിറുത്തുവാൻ പ്രകൃതിശക്തികളാണ് ഈ ആശയം അവനിൽ ഉദിപ്പിച്ചത്. ഇപ്പറഞ്ഞ മതിലിനായി ഞാനും അവന്റെയൊപ്പം മൂന്നാഴ്ച കുഴികുത്തണമെന്ന് അവൻ ആഗ്രഹിക്കുന്നു. ആ മതിലുകൊണ്ട് ആകെയു

1. ജൂതരുടെ പ്രാർഥനാദിനമാണ് സാബത്ത്. അന്ന് ഒരുതരത്തിലുള്ള അദ്ധ്വാനങ്ങളിലും ഏർപ്പെടരുതെന്നാണ് നിയമം.

*⇨ അയാൾ ഒരു കുഴിമടിയനായി കണക്കാക്കപ്പെടാനുള്ള സകലസാദ്ധ്യതയുമുണ്ട് ⇨*



ഫോട്ടോ: സന്ദീപ്ദാസ്

ള്ള പ്രയോജനം അവന് കുറച്ചുകൂടി പണം സമ്പാദിക്കാൻ പറ്റിയേക്കാമെന്നതും, അതവന്റെ അനന്തരാവകാശികൾക്ക് അവരുടെ വിഡ്ഢിത്തരങ്ങൾക്കായി കൈമാറാമെന്നതുമാണ്. ആ പണിക്ക് ഞാൻ പോയിരുന്നെങ്കിൽ മിക്ക ആളുകളും ഞാൻ വളരെ ശുഷ്കാന്തിയുള്ളവനും അദ്ധ്വാനശീലനുമാണെന്ന് പറയുമായിരുന്നു. അതിനു പകരം ഞാൻ യഥാർത്ഥ ലാഭം കിട്ടുന്ന, പണം അധികം കിട്ടാത്ത ചില കാര്യങ്ങൾക്കായി എന്നെത്തന്നെ സമർപ്പിച്ചിരുന്നുവെങ്കിൽ അവർക്കെന്നെയൊരു അലസനായി കാണേണ്ടിവന്നേനെ. ഏതായാലും, എന്നെ അച്ചടക്കമുള്ളവനാക്കുവാൻ അർത്ഥശൂന്യമായ അദ്ധ്വാനങ്ങളുടെ ആവശ്യം എനിക്കില്ല. മേൽപ്പറഞ്ഞ ആളുടെ പ്രവർത്തിയിൽ, പല സർക്കാർ പദ്ധതികളെക്കാളും പ്രശംസനീയമായതൊന്നും എനിക്കു കാണാൻ കഴിയുന്നില്ല. അവർക്ക് അവരുടെ പദ്ധതികൾ എത്രമേൽ ഗംഭീരമായി തോന്നിയാലും തികച്ചും വ്യത്യസ്തമായ ഒരു വിദ്യാലയത്തിൽ പഠനം പൂർത്തിയാക്കുവാനാണ് എനിക്കിഷ്ടം.

കാടിനോടുള്ള ഇഷ്ടം നിമിത്തം ഒരാൾ ദിവസവും കുറേസമയം കാട്ടിലൂടെ നടക്കുകയാണെന്നിരിക്കട്ടെ; അയാൾ ഒരു കുഴിമടിയനായി കണക്കാക്കപ്പെടാനുള്ള സകല സാദ്ധ്യതയുമുണ്ട്. അതേസമയം, അയാൾ ആ കാടുമുഴുവൻ വെട്ടിനുറുക്കി ഭൂമിയെ അകാലത്തിൽ തരിശാക്കുകയും, ഒരു ഊഹക്കച്ചവടക്കാരനായി ദിവസം മുഴുവൻ ചിലവഴിക്കുകയും ചെയ്താൽ സ്ഥിരോത്സാഹവും സംരംഭകത്വവും ഉള്ളവനായി അയാൾ വാഴ്ത്തപ്പെടും. ഒരു പട്ടണത്തിന് അതിന്റെ കാടുകളെക്കുറിച്ച് വെട്ടിക്കളയണമെന്നതിൽ കവിഞ്ഞ താൽപ്പര്യമൊന്നും ഇല്ലാത്തതുപോലെയാണത്.

ആളുകളോട് കൂലി തരാം, കുറെ കല്ലുകൾ ഒരു മതിലിന്റെ അപ്പുറത്തേക്കും തിരിച്ച് ഇപ്പുറത്തേക്കും കാര്യമൊന്നുമില്ലാതെ വലിച്ചെറിഞ്ഞു കൊണ്ടിരിക്കണമെന്നു പറഞ്ഞാൽ, അവരിൽ മിക്കവർക്കും അതു തങ്ങളെ അപമാനിക്കാൻ പറഞ്ഞതാണെന്ന് തോന്നും. എന്നാൽ ഇതിലും ഒട്ടും മെച്ചമല്ല ഇക്കാലത്തെ മിക്ക തൊഴിലുകളും. ഒരു വേനൽക്കാലത്ത് പുലർച്ചെ, എന്റെ അയൽക്കാരിൽ ഒരാൾ കൂട്ടാളികളുമൊത്ത് വളരെ വലിയൊരു കല്ല് തടിക്ക് മുകളിലിട്ട് ഉരുട്ടിക്കൊണ്ടു പോകുന്നത് ഞാൻ ശ്രദ്ധിച്ചു. ഭയങ്കരമായ അദ്ധ്വാനത്തിന്റെ ഒരു അന്തരീക്ഷമായിരുന്നു അവിടെ. അദ്ദേഹത്തിന്റെ ഒരു ദിവസത്തെ പണി ആരംഭിച്ചിരിക്കുന്നു; അദ്ദേഹത്തിന്റെ നെറ്റിത്തടം വിയർക്കുവാൻ തുടങ്ങിയിരിക്കുന്നു. സകല കുഴിമടിയന്മാർക്കുമുള്ള താക്കീതാണത്! തന്റെ കാളകൾക്കൊപ്പം വരിചേർന്നു നിന്ന്, കൈയിലെ കരുണമുറ്റിയ ചാട്ടയും ചുഴറ്റി അദ്ദേഹം മുന്നേറുകയാണ്. ഞാൻ ആലോചിച്ചു; ഇമ്മാതിരി തൊഴിലുകൾ-സത്യസന്ധവും ക്ലേശകരവും ആയവ-സംരക്ഷിക്കാനാണ് അമേരിക്കൻ കോൺഗ്രസ് നിലനിൽക്കുന്നത്; ദിവസം മുഴുവൻ നീളുന്ന സത്യസന്ധമായ അദ്ധ്വാനം! ഇത്തരം ജോലികളാണ് ഒരാളുടെ അപ്പത്തെ രുചികരവും, സമൂഹത്തെയാകെ മധുരതരവുമാക്കുന്നത്. അത്തരം പ്രവർത്തികളെ സകലരും ബഹുമാനിക്കുകയും പവിത്രമായി കരുതുകയും ചെയ്യുന്നു. ബുദ്ധിമുട്ടേറിയതെങ്കിലും ചെയ്യേണ്ടതു ചെയ്യുന്ന വിശുദ്ധ കൂട്ടായ്മയിലെ ഒരംഗമാണ് അദ്ദേഹം. അങ്ങനെയുള്ളതൊന്നും ചെയ്യാതെ, ഇതെല്ലാം വെറുതെ ജനാലയിലൂടെ നോക്കിക്കൊണ്ടിരിക്കുന്ന എന്നെക്കുറിച്ച് എനിക്കുതന്നെ ഒരൽപം മുഷിവ് തോന്നി.

ആ പകൽ അങ്ങനെ കഴിഞ്ഞു; വൈകുന്നേരമായപ്പോൾ ഞാൻ മറ്റൊരു അയൽക്കാരന്റെ മുറ്റത്തുകൂടി കടന്നുപോയി. ഈ അയൽക്കാരൻ പ്രഭു, കണ്ടമാനം വേലക്കാരുള്ളവനും സമൂഹത്തിലേക്ക് യാതൊന്നും മുതൽകൂട്ടാതെ ബുദ്ധിശൂന്യമായി പണം ചിലവഴിക്കുന്നവനും ആയിരുന്നു. അയാളുടെ പുരയിടത്തെ അലങ്കരിക്കാൻ പണിതിട്ടുള്ള അപഹാസ്യമായ ഒരു കെട്ടുപണിക്കടുത്ത് രാവിലത്തെ ആ കല്ല് കിടക്കുന്നത് ഞാൻ കണ്ടു. അക്ഷണത്തിൽ പണിക്കാരന്റെ അദ്ധ്വാനത്തെക്കുറിച്ച് എനിക്കുണ്ടായ

മതിപ്പു നഷ്ടപ്പെട്ടു. എന്റെ അഭിപ്രായത്തിൽ, ഇതിലും മെച്ചപ്പെട്ട പണികൾക്ക് വെളിച്ചം നൽകുവാനാണ് സൂര്യനെ സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പറഞ്ഞവയോട് ചിലത് കൂട്ടിച്ചേർക്കുകയാണെങ്കിൽ, കുറച്ചുകാലത്തിനുള്ളിൽ തൊഴിൽ ദാതാവായ ആ പ്രഭു പട്ടണത്തിലുള്ള മിക്കവാറും ആളുകളോടും കടം മേടിച്ച് ഒളിച്ചോടുകയും, അതിനു കുറേ കോടതി നിരങ്ങിയശേഷം മറ്റേതോ പ്രദേശത്തേക്ക് കുടിയേറുകയും ചെയ്തു; ഒരിക്കൽക്കൂടി മുൻപറഞ്ഞപോലുള്ള കലാപ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുവാൻ തന്നെ...

നിങ്ങൾ പണം സമ്പാദിക്കുന്ന വഴികൾ ഒട്ടുമിക്കപ്പോഴും നിങ്ങളെ അധഃപതിപ്പിക്കുന്നതായിരിക്കും. പണം കിട്ടുമെന്നല്ലാതെ മറ്റൊരു പ്രയോജനവും ഇല്ലാത്ത കാര്യങ്ങളാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, നിങ്ങൾ ശരിക്കും ഒരു ഉഴപ്പനോ അതിലും മോശപ്പെട്ടവനോ ആണ്. ഒരാൾക്ക് അയാളുടെ തൊഴിലിൽ നിന്ന് ശമ്പളത്തിൽ കവിഞ്ഞൊന്നും കിട്ടുന്നില്ലെങ്കിൽ, അയാൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു; അയാൾ സ്വയം വഞ്ചിക്കുന്നു. എഴുത്തുകാരനോ വാഗ്മിയോ ആയതുകൊണ്ട് നിങ്ങൾക്ക് പണം കിട്ടുമെങ്കിൽ-അതിന് നിങ്ങൾ പ്രശസ്തനായിരിക്കണം-അധഃപതനത്തിന്റെ പടുകുഴിയിലേക്കുള്ള പാച്ചിലാണത്. കൊടുക്കുവാൻ അങ്ങേയറ്റം വിസമ്മതിക്കേണ്ട കാര്യങ്ങൾക്കാണ് സമൂഹം ഏറ്റവും ഉത്സാഹത്തോടെ വില നൽകുക. അങ്ങനെ നിങ്ങൾക്ക് പണം കിട്ടിയിട്ടുണ്ടെങ്കിൽ, അതു നിങ്ങൾ മനുഷ്യനിലും തരംതാണ ഒന്നായി തീർന്നതിനായിരിക്കും. ഇതിലും ബുദ്ധിപൂർവ്വമായല്ല സാധാരണഗതിയിൽ രാഷ്ട്രവും ഒരു പ്രതിഭയെ അംഗീകരിക്കുക.

എന്റെ സ്വന്തം തൊഴിലിനെ സംബന്ധിച്ചാണെങ്കിൽ, എനിക്ക് ഏറ്റവും സംതൃപ്തി തരുന്ന തരത്തിൽ ഞാൻ സ്ഥലം അളക്കുന്നത് എനിക്ക് പണി തരുന്നവർക്ക് ഇഷ്ടപ്പെടില്ല. ഞാനെന്റെ ജോലി തട്ടിമുട്ടി, അത്ര നന്നായിട്ടൊന്നുമല്ലാതെ ചെയ്യുന്നതാണ് അവർക്ക് താൽപര്യം. എന്നല്ല, അവർക്ക് ഞാനത് അത്യാവശ്യം വേണ്ടപോലെ പോലും ചെയ്യരുത്. സ്ഥലം അളക്കാൻ പല രീതികളുണ്ടെന്നു ഞാൻ പറയുമ്പോൾ ആളുകൾ സാധാരണ ചോദിക്കുക, ഏതു രീതിയിൽ അളന്നാലാണ് അവർക്ക് ഏറ്റവുമധികം സ്ഥലം കിട്ടുക എന്നാണ്; അല്ലാതെ ഏതാണ് ഏറ്റവും കൃത്യമായിരിക്കുക എന്നല്ല. ഞാൻ ഒരിക്കൽ തടി അളക്കുവാനുള്ള ഒരു പുതിയ രീതി കണ്ടുപിടിച്ചതിനെ തുടർന്ന് ബോസ്റ്റണിൽ അത് പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ അവിടത്തെ തടി അളക്കുന്നയാൾ എന്നോടു പറഞ്ഞത്, തടി വിൽപ്പനക്കാർക്ക് അവരുടെ തടി കൃത്യമായിട്ടളക്കുന്നതിൽ താൽപര്യമില്ലെന്നും, ഇപ്പോൾത്തന്നെ അയാൾ ആവശ്യത്തിലധികം കൃത്യമായി അളക്കുന്നതുകൊണ്ട് വിൽപ്പനക്കാർ പലപ്പോഴും ചാൾസ് ടൌണിൽവെച്ചു തന്നെ തടി അളക്കുകയാണെന്നുമാണ്.

നിങ്ങൾ പണം സമ്പാദിക്കുന്ന വഴികൾ ഒട്ടുമിക്കപ്പോഴും നിങ്ങളെ അധഃപതിപ്പിക്കുന്നതായിരിക്കും. പണം കിട്ടുമെന്നല്ലാതെ മറ്റൊരു പ്രയോജനവും ഇല്ലാത്ത കാര്യങ്ങളാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, നിങ്ങൾ ശരിക്കും ഒരു ഉഴപ്പനോ അതിലും മോശപ്പെട്ടവനോ ആണ്. ഒരാൾക്ക് അയാളുടെ തൊഴിലിൽ നിന്ന് ശമ്പളത്തിൽ കവിഞ്ഞൊന്നും കിട്ടുന്നില്ലെങ്കിൽ, അയാൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു.

തൊഴിലെടുക്കുന്നവന്റെ ലക്ഷ്യം ഉപജീവനമോ 'നല്ലൊരു ജോലി' പോലുമോ ആയിരിക്കരുത്; മറിച്ച്, ചെയ്യുന്ന കാര്യം നന്നായി ചെയ്യുക എന്നതാവണം. ഒരു പട്ടണം അതിന്റെ തൊഴിലാളികൾക്ക് വളരെ നന്നായി കൂലി കൊടുക്കുകയാണെന്നിരിക്കട്ടെ. കൂലിയുടെ കൂടുതൽ കൊണ്ട് തൊഴിലാളികൾക്ക് തങ്ങൾ വെറും ഉപജീവനത്തിനല്ല, മറിച്ച് ശാസ്ത്രീയമോ, മൂല്യപരമോ ആയ ലക്ഷ്യങ്ങളെപ്രതിയാണ് പണിയെടുക്കുന്നതെന്ന് തോന്നുകയാണെങ്കിൽ അതാ പട്ടണത്തിന് സാമ്പത്തികമായടക്കം കൂടുതൽ ഗുണം ചെയ്യും. നിങ്ങളുടെ കയ്യിലുള്ള പണത്തിനായി പണിയെടുക്കുന്നവനെയല്ല, തന്റെ തൊഴിലിനോടുള്ള ഇഷ്ടം കൊണ്ട് അതു ചെയ്യുന്നവനെയാണ് നിങ്ങൾ ജോലിക്ക് വിളിക്കേണ്ടത്.

ചുരുക്കം ചില ആളുകൾ അവരുടെ മനസ്സിനിണങ്ങിയ ഒന്നാന്തരം ജോലികളിൽ ഏർപ്പെടുന്നുണ്ടെന്നത് ശ്രദ്ധേയമാണ്. പക്ഷെ, ഒരല്പം പണമോ പ്രശസ്തിയോ കൊണ്ട് അവരുടെ ആ ജോലികളിൽനിന്ന് നമുക്കവരെ വാങ്ങാനാകും. ചുറുചുറുക്കുള്ള ചെറുപ്പക്കാരെ അന്വേഷിച്ചു കൊണ്ടുള്ള പരസ്യങ്ങൾ ഞാൻ കാണാറുണ്ട്. അതുകണ്ടാൽ തോന്നുക, ഒരു യുവാവിന് ആകെയുള്ള മൂലധനം ചുറുചുറുക്കാണെന്നാ

ണ്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും, ഒരു മുതിർന്ന മനുഷ്യൻ വളരെ ആത്മവിശ്വാസത്തോടെ എനിക്കു വേറെ പണിയൊന്നും ഇല്ലെന്ന മട്ടിലും, എന്റെ ഇതുവരെയുള്ള ജീവിതം ഒരു പരിപൂർണ്ണ പരാജയമാണെന്ന ഭാവത്തിലും അദ്ദേഹത്തിന്റെ ഏതോ സ്ഥാപനത്തിൽ ചേരാൻ എന്നെ ക്ഷണിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപ്പോയി. ഞാൻ കടലിനു നടുക്ക് കൊടുങ്കാറ്റിൽപ്പെട്ട് എങ്ങോട്ട് പോകണമെന്ന് ഒരെത്തും പിടിയുമില്ലാതിരിക്കുമ്പോൾ അദ്ദേഹം എന്നെ കണ്ടുമുട്ടുകയും, അദ്ദേഹത്തിനൊപ്പം പോന്നുകൊള്ളാൻ പറയുകയും ചെയ്ത മട്ടിലായിരുന്നു അത്. ആ ക്ഷണം, എനിക്ക് നൽകാവുന്ന അംഗീകാരങ്ങളിൽ വച്ച് എത്ര സംശയാസ്പദമാണ്! അതു ഞാൻ സ്വീകരിച്ചിരുന്നുവെങ്കിൽ എന്റെ വിപണിമൂല്യം എത്രയാകുമായിരുന്നു? ഇല്ലില്ല, എന്റെ ജീവിതയാത്രയുടെ ഈ ഘട്ടത്തിൽ ഞാൻ തൊഴിലില്ലാത്തവനല്ല.

ജ്ഞാനിയായ ഒരുവനെ പ്രലോഭിപ്പിക്കാൻ പോന്നതൊന്നും സമൂഹത്തിന്റെ പക്കലില്ല. ഒരു പർവ്വതത്തിലൂടെ തുരങ്കം പണിയുവാൻ പോന്നത്ര പണം സ്വരൂപിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞേക്കും; പക്ഷെ, സ്വധർമ്മം അനുഷ്ഠിക്കുന്ന ഒരുവനെ വാങ്ങാൻ മാത്രം പണം കണ്ടെത്തുക നിങ്ങൾക്ക് അസാദ്ധ്യമാണ്. സമൂഹം എന്തുകൊടുത്താലുമില്ലെങ്കിലും, മൂല്യബോധവും കാര്യക്ഷമതയുമുള്ള ഒരാൾ അയാൾക്ക് ചെയ്യാൻ കഴിയുന്നത് ചെയ്തുകൊണ്ടിരിക്കും. അങ്ങനെയല്ലാത്തവരാകട്ടെ, ഉദ്യോഗത്തിൽ കയറിപ്പറ്റാമെന്ന് പ്രതീക്ഷിച്ചുകൊണ്ട് തങ്ങളുടെ കഴിവില്ലായ്മകളെ ഏറ്റവും വില തരുന്നവനായി കാഴ്ചവെക്കുന്നു. ഇത്തരക്കാർ അപൂർവ്വമായേ നിരാശരാക്കപ്പെടാറുള്ളൂ എന്നുവേണം കരുതാൻ.

ഒരു പക്ഷെ, ഞാൻ എന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് സാധാരണയിലും കവിഞ്ഞ് ജാഗ്രത ഉള്ളവനായിരിക്കാം. സമൂഹവുമായുള്ള എന്റെ ബന്ധം വളരെ നേർത്തതും താൽക്കാലികവുമാണെന്നാണ് എനിക്കു തോന്നുന്നത്. എന്റെ ഉപജീവനത്തിന് ഉതകുന്നതും, എന്റെ സമകാലീനർക്ക് ഒരു പരിധിവരെയെങ്കിലും എന്നെ പ്രയോജനമുള്ളവനാക്കുന്നതുമായ ജോലികൾ, എനിക്ക് വിനോദമാണ്. അപൂർവ്വമായേ എനിക്കവ അനിവാര്യതയായി തോന്നാറുള്ളൂ. ഇങ്ങനെയെല്ലാം തുടരുന്നതിൽ ഇതുവരേയ്ക്കും ഞാൻ വിജയിച്ചിരിക്കുന്നു. എന്നാൽ, എന്റെ ആഗ്രഹങ്ങൾ വളരെ വർദ്ധിക്കുകയാണെങ്കിൽ അവ നിറവേറ്റുവാനുള്ള എന്റെ അദ്ധ്വാനവും കടുത്തതാവുമെന്ന് ഞാൻ മുൻകൂട്ടി കാണുന്നുണ്ട്. മിക്കവരും ചെയ്യുന്നതു പോലെ എന്റെ പ്രഭാതങ്ങളും, ഉച്ച നേരങ്ങളുമെല്ലാം ഞാൻ സമൂഹത്തിന് വിൽക്കണമെങ്കിൽ, തുടർന്നും ജീവിക്കാൻ മാത്രം മൂല്യവത്തായി എന്റെ ജീവിതത്തിൽ യാതൊന്നും അവശേഷിക്കില്ലെന്ന് എനിക്കുറപ്പാണ്. ഒരു പാത്രം കഞ്ഞിക്കായി എന്റെ ജന്മാവകാശം വിൽക്കരുതെന്ന് ഞാൻ വിശ്വസിക്കുന്നു.

ഒരു മനുഷ്യൻ വളരെ കഠിനാദ്ധ്വാനി ആയിരിക്കാം; എങ്കിലും അയാൾ ജീവിതം നന്നായിട്ടാവില്ല ചിലവഴിക്കുന്നതെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജീവിതത്തിന്റെ മിക്കവാറും സമയം ഉപജീവനത്തിനായി നീക്കിവെക്കുന്നവനേക്കാൾ വലിയൊരു വിഡ്ഢി വേറെ ഉണ്ടാകില്ല. മഹത്തായ എല്ലാ പ്രസ്ഥാനങ്ങളും സ്വയം നിലനില്പുള്ളവയായിരിക്കും. ഉദാഹരണത്തിന്, ഒരു കവി തന്റെ ശരീരം നിലനിറുത്തേണ്ടത് കവിതയിലൂടെയാണ്. ഒരു തടിമില്ല്, അതറക്കുന്ന തടിയുടെ അവശിഷ്ടംകൊണ്ട് പ്രവർത്തിക്കുന്നതു പോലെയാണത്. സ്നേഹിക്കുന്നതിലൂടെയാണ് നിങ്ങളുടെ ഉപജീവനം നടക്കേണ്ടത്. പക്ഷെ ഇക്കാര്യത്തിൽ, കച്ചവടക്കാരുടെ കാര്യത്തിലെന്ന പോലെ നൂറിൽ തൊണ്ണൂറ്റിയേഴു പേരും പരാജയപ്പെടുന്നു. മേൽപ്പറഞ്ഞ മാനദണ്ഡം വച്ചു പരിശോധിക്കുകയാണെങ്കിൽ മിക്ക മനുഷ്യരുടെയും ജീവിതം പരാജയമാണ്. അത്തരക്കാരുടെ പാപ്പരത്തം മുൻകൂട്ടി പറയാവുന്നതുമാണ്.

കുറേ പാരമ്പര്യസ്വത്തിന്റെ അവകാശിയാകുവാൻ മാത്രമായി ഈ ലോകത്തിലേക്ക് വരുന്നത്, വാസ്തവത്തിൽ ജനിക്കലേയല്ല; ചാപിള്ളയാവലാണ്. നിങ്ങളുടെ ശരീരം നിലനിറുത്താനായി സുഹൃത്തുക്കളുടെ ഔദാര്യമോ സർക്കാരിന്റെ ധനസഹായമോ സ്വീകരിക്കുന്നത്, അനാഥാലയത്തിൽ ചേരലാണ്. അങ്ങനെ ചെയ്യുന്നവൻ ഞായറാഴ്ചകളിൽ പള്ളിയിൽ പോയി തന്റെ കയ്യിലിരുപ്പിന്റെ കണക്കെടുക്കുമ്പോൾ, തന്റെ നേട്ടങ്ങളിലും അധികമാണ് നഷ്ടങ്ങളെന്ന് കണ്ടെത്തുന്നു. കത്തോലിക്ക പള്ളിയിലാവട്ടെ ആളുകൾ വെടിപ്പായൊന്നു കുമ്പസാരിച്ചിട്ട് എല്ലാം പുതുതായി തുടങ്ങാമെന്ന് കരുതും. ആളുകൾ അങ്ങനെ സുഖമായി ചാരികിടന്ന് മനുഷ്യന്റെ 'വീഴ്ച'യെ കുറിച്ച് സംസാരിക്കുകയും ഒരിക്കൽ പോലും സ്വയം എഴുന്നേൽക്കുവാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നു.

സ്വന്തം ജീവിതത്തിൽനിന്ന് എന്താണ്

ആവശ്യപ്പെടുന്നതെന്നതിന്റെ അടിസ്ഥാനത്തിൽ, രണ്ടു മനുഷ്യർ തമ്മിൽ സുപ്രധാനമായ ഒരു തരംതിരിവ് സാദ്ധ്യമാണ്. ഒരാൾ, ക്ഷണത്തിൽ കരസ്ഥമാക്കാവുന്ന, ഒരു പ്രത്യേക നിലവാരത്തിലുള്ള വിജയത്തിൽ സന്തുഷ്ടനാകുന്നവനാണ്. മറ്റെയാളാകട്ടെ, നിലവിൽ അയാളുടെ ജീവിതം എത്രകണ്ട് താഴ്ന്നതും പരാജയപ്പെട്ടതുമാണെങ്കിലും, തന്റെ ലക്ഷ്യത്തെ നിരന്തരം ചക്രവാളത്തിലേക്ക് ഉയർത്തുന്നവനായിരിക്കും. ഞാൻ എങ്ങനേയും രണ്ടാമത്തെ മനുഷ്യൻ തന്നെയാണ് ആകേണ്ടത്.

മനുഷ്യന്റെ ഉപജീവനമാർഗ്ഗം വെറും സത്യസന്ധവും ബഹുമാന്യവുമാക്കുന്നതിലുപരി, തികച്ചും ആസ്വാദ്യകരവും മഹത്തരവും ആക്കുന്നതിനെക്കുറിച്ച് കാര്യമായൊന്നും എഴുതപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധേയമാണ്. ഒരാളുടെ ഉപജീവനം അത്തരത്തിലല്ലെങ്കിൽ അയാളുടെ ജീവിതം തന്നെ അങ്ങനെയല്ലാതാകുന്നു. ഈ വിഷയം ഒരിക്കലും ഒരു ഏകാകിയുടെ ചിന്തകളെ അലട്ടിയിട്ടില്ലെന്ന് സാഹിത്യം പരിശോധിക്കുന്ന ഒരുവന് തോന്നിപ്പോവും. ഇക്കാര്യത്തിൽ ആളുകളുടെ അനുഭവം അത്രയ്ക്ക് മടുപ്പിക്കുന്നതായതുകൊണ്ടാണോ ആരും അതിനെക്കുറിച്ച് മിണ്ടാത്തത്? പണം നമ്മെ പഠിപ്പിക്കുന്നതും, പ്രപഞ്ചസൃഷ്ടാവ് നമ്മെ പഠിപ്പിക്കാൻ വളരെയധികം മിനക്കെട്ടിട്ടുള്ളതുമായ മൂല്യത്തെക്കുറിച്ചുള്ള അറിവ് മുഴുവനായിത്തന്നെ വിട്ടുകളയാനാണ് നമ്മുടെ പ്രവണത. എല്ലാ വിഭാഗത്തിൽപ്പെട്ട മനുഷ്യരും, എന്തിന് പരിഷ്കർത്താക്കളായി അറിയപ്പെടുന്നവർ പോലും ഉപജീവനമാർഗ്ഗത്തെക്കുറിച്ച്-അതവർക്ക് പാരമ്പര്യമായുള്ളതോ അവർ സമ്പാദിച്ചതോ മോഷ്ടിച്ചതോ ആകട്ടെ-എത്രമാത്രം അശ്രദ്ധ ഉള്ളവരാണെന്നത് അത്ഭുതകരമാണ്. ഇക്കാര്യത്തിൽ വ്യക്തതയുണ്ടാക്കുവാൻ സമൂഹം നമുക്കുവേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്. തണുപ്പും വിശപ്പും ഒഴിവാക്കാനായി മനുഷ്യർ സ്വീകരിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന മാർഗ്ഗങ്ങളെക്കാൾ, അവ രണ്ടും തന്നെയാണ് എന്റെ പ്രകൃതത്തിന് ഇണങ്ങുക.

'ജ്ഞാനി' എന്ന പദം മിക്കപ്പോഴും തെറ്റായാണ് പ്രയോഗിക്കപ്പെടാറ്. ഒരുവന് മറ്റുള്ളവരേക്കാൾ ശരിയായ രീതിയിൽ ജീവിക്കുവാൻ അറിയില്ലെങ്കിൽ, ആകെക്കൂടെ അയാൾ കൂടുതൽ കൂർമ്മബുദ്ധിയും കൗശലക്കാരനും മാത്രമാണെങ്കിൽ, അയാളെങ്ങനെയാണ് ജ്ഞാനിയാവുക? ജ്ഞാനം ഒരിക്കലുമവസാനിക്കാതെ ചുറ്റിത്തിരിയുന്ന ഒരു ജോലിയിൽ ചെന്നുപെടുമോ? അതോ അവൾ സ്വന്തം ജീവിതത്തിലൂടെ ഇക്കാര്യത്തിൽ എങ്ങനെ വിജയിക്കണമെന്ന് പഠിപ്പിക്കുമോ? പ്രയോഗിക്കേണ്ടതില്ലാത്ത ജ്ഞാനം എന്നൊന്നുണ്ടോ? പ്ലേറ്റോ, തന്റെ ജീവിതമാർഗ്ഗം കണ്ടെത്തിയത് അദ്ദേഹത്തിന്റെ സമകാലീനരേക്കാൾ മികച്ച രീതിയിൽ ആയിരുന്നോയെന്ന് ചോദിക്കുന്നത് അങ്ങേയറ്റം പ്രസക്തമാണ്. അദ്ദേഹം മറ്റുള്ളവരെപ്പോലെ ജീവിതപ്രശ്നങ്ങളുടെ മുന്നിൽ പരാജയപ്പെട്ടോ? അതോ, അദ്ദേഹം ഇത്തരം കാര്യങ്ങളെയൊന്നും പരിഗണിക്കാതെയും, മേനിനടിച്ചും കുറേ പ്രശ്നങ്ങളെ മറികടന്നോ? അതുമല്ലെങ്കിൽ, പ്ലേറ്റോയുടെ അമ്മായി അവരുടെ വിൽപ്പത്രത്തിൽ അദ്ദേഹത്തെ ഓർത്തതുകൊണ്ട് അദ്ദേഹം സുഖമായി ജീവിച്ചോ?

മിക്ക ആളുകളും തങ്ങളുടെ ജീവിതമാർഗ്ഗം, അതായത് ജീവിതം തന്നെ കണ്ടെത്തുന്ന വഴികൾ തീർത്തും താൽക്കാലികവും ജീവിതത്തിലെ യഥാർത്ഥ ഇടപാടുകളെ നിരസിക്കുന്നതുമാണ്. ഇങ്ങനെ സംഭവിക്കുന്നത് പ്രധാനമായും അവരുടെ അറിവില്ലായ്മകൊണ്ടും, ഭാഗികമായി ഇതിൽ കവിഞ്ഞൊന്നും അവർ ഉദ്ദേശിക്കാത്തതുകൊണ്ടുമാണ്.

ഉദാഹരണത്തിന്, കാലിഫോർണിയയിലേക്കുള്ള കൂട്ടപാച്ചിലിന്റെ കാര്യം തന്നെ എടുക്കുക[2]. അതിനോട് കച്ചവടക്കാരുടെ മാത്രമല്ല, ദാർശനികരെന്നും പ്രവാചകരെന്നും വിളിക്കപ്പെടുന്നവരുടെയടക്കമുള്ള മനോഭാവം മനുഷ്യരാശിക്കു തന്നെ ഏറ്റവും വലിയ അപമാനമാണ്. സമൂഹത്തിലേക്ക് യാതൊരു മൂല്യവും സംഭാവന ചെയ്യാതെ വെറും ഭാഗ്യത്തെ മാത്രം ആശ്രയിച്ച് ജീവിക്കുവാൻ കുറേപ്പേർ തയ്യാറാണെന്നതിനാൽ, അവരെക്കാൾ ഭാഗ്യംകെട്ട കുറേപ്പേരുടെ അദ്ധ്വാനത്തിനുമേൽ അവർക്ക് അധികാരം കിട്ടുന്നു; ഇതിനാണ് നമ്മൾ വ്യവസായം എന്നു പറയുന്നത്. മ്ലേച്ഛമായ കച്ചവടത്തിന്റെയും മറ്റ് ഉപജീവനമാർഗ്ഗങ്ങളുടെയും ഇതിലും ഞെട്ടിക്കുന്ന വളർച്ചയെക്കുറിച്ച് എനിക്ക് അറിയുകയില്ല. ഇത്തരം മനുഷ്യരുടെ തത്വശാസ്ത്രത്തിനും കവിതയ്ക്കും മതത്തിനും ഒരു കൃമിയുടെ ദേഹത്തെ പൊടിയുടെ വിലപോലും ഇല്ല. അവരെപ്പോലെ വേരുമാന്തിയും മണ്ണിളക്കിയും ജീവിക്കുന്ന പന്നി പോലും ഇത്തരക്കാരുമായുള്ള സഹവാസത്തിൽ ലജ്ജിക്കും. എന്റെ വിരലൊന്ന് ഉയർത്തിയാൽ എനിക്കീ ലോ

2. 1848ൽ കാലിഫോർണിയയിൽ തുടങ്ങിയ സ്വർണ്ണഖനനത്തെയാണ് പരാമർശിക്കുന്നത്.

➪ ഒരുവൻ ചെളി ഇളക്കുന്നതും മറ്റവൻ പകിട കുലുക്കുന്നതും തമ്മിലെന്താണ് വ്യത്യാസം? ➪



കത്തിലെ സകല സമ്പത്തും കിട്ടുമെന്നാണെങ്കിലും, അത്രയും ഊർജ്ജം ഞാൻ അതിനായി ചിലവഴിക്കില്ല. ദൈവം ഈ ലോകം സൃഷ്ടിച്ചിരിക്കുന്നത് വെറും തമാശയ്ക്കു വേണ്ടിയല്ലെന്ന് മുഹമ്മദിന്[3] അറിയാമായിരുന്നു. എന്നാൽ ലോകം ദൈവത്തെ കാണുന്നത്, മനുഷ്യരാശി കടിപിടി കൂടുന്നത് കാണാനായി നാണയങ്ങൾ വിതറുന്ന ഒരു പണക്കാരൻ മാന്യനായിട്ടാണ്! ഈ ലോകം ഒരു ചൂതുകളി സ്ഥലമാണെന്നോ! പ്രകൃതിയിലെ ഒരു ലോഹം ഭാഗ്യപരീക്ഷണങ്ങൾക്കുള്ള വിഭവമാണെന്നോ! നാട് ഭരിക്കുന്ന നമ്മുടെ സ്ഥാപനങ്ങളെക്കുറിച്ചുള്ള എത്ര വലിയ പ്രസ്താവനയും ആക്ഷേപവുമാണിത്! ഇങ്ങനെ പോയാൽ മനുഷ്യരാശി അവസാനം ഒരു മരക്കമ്പിൽ തൂങ്ങേണ്ടി വരും. സകലമാന ബൈബിളുകളിലെയും വചനങ്ങളെല്ലാം ചേർന്ന് മനുഷ്യനെ പഠിപ്പിച്ചത് ഇതു മാത്രമാണോ?! മനുഷ്യരാശിയുടെ ഏറ്റവും ആരാദ്ധ്യവും ഒടുവിലത്തേതുമായ കണ്ടുപിടുത്തം കുറേക്കൂടി മെച്ചപ്പെടുത്തിയ അവമതിക്കലാണെന്നോ? ഇക്കാര്യത്തിലാണോ പൗരസ്ത്യരും പാശ്ചാത്യരും ഒരുമിക്കേണ്ടത്? നമ്മൾ യാതൊന്നും സൃഷ്ടിച്ചിട്ടില്ലാത്ത ഈ ഭൂമി കുഴിച്ച് ഉപജീവനം കണ്ടെത്തണമെന്നാണോ ദൈവം നമ്മോട് കൽപ്പിച്ചിട്ടുള്ളത്? നമ്മൾ അങ്ങനെ ചെയ്താൽ ദൈവം ഒരുവേള കുറച്ച് സ്വർണ്ണക്കട്ടകൾ പ്രതിഫലമായി തന്നേക്കുമെന്നാണോ?

സ്വർണ്ണത്തിന്റെ കുറവുകൊണ്ട് മനുഷ്യരാശി കഷ്ടപ്പെടുന്ന വിവരം എനിക്കറിയില്ലായിരുന്നു. സ്വർണ്ണം കുറച്ചൊക്കെ ഞാൻ കണ്ടിട്ടുണ്ട്. അതു വളരെ വഴക്കമുള്ള ലോഹമാണെന്നും അറിയാം. പക്ഷെ അത് അറിവിനോളം വഴക്കമുള്ളതല്ല. കുറച്ച് സ്വർണ്ണത്തരികൾ വിതറിയാൽ ഒരിടം ഭംഗിയായേക്കും; പക്ഷെ അവിടം ജ്ഞാനത്തിന്റെ വിത്തുകൾ വീണിടത്തോളം സുന്ദരമാവില്ല തന്നെ.

കിഴക്കാംതൂക്കായ മലനിരകളിൽ സ്വർണ്ണത്തിനായി കുഴിക്കുന്നവൻ, സാൻഫ്രാൻസിസ്ക്കോയിലെ ചൂതുകളിശാലകളിലെ അവന്റെ സഹോദരനിൽനിന്ന് ഒട്ടും വ്യത്യസ്തനല്ല. ഒരുവൻ ചെളി ഇളക്കുന്നതും മറ്റവൻ പകിട കുലുക്കുന്നതും തമ്മിലെന്താണ് വ്യത്യാസം? അതിൽ നിങ്ങൾ വിജയിക്കുമ്പോൾ പരാജയപ്പെടുന്നത് സമൂഹമാണ്. എന്തൊക്കെ നിയന്ത്രണങ്ങളും പരിഹാരക്രിയകളും ഉണ്ടായാലും, സ്വർണ്ണം കുഴിച്ചുണ്ടാക്കുന്നവൻ സത്യസന്ധമായി അദ്ധ്വാനിച്ചു ജീവിക്കുന്നവന്റെ ശത്രുവാണ്. നിങ്ങളുടെ സ്വർണ്ണം കണ്ടെത്തുവാൻ നിങ്ങൾ കണ്ടമാനം അദ്ധ്വാനിച്ചിട്ടുണ്ടെന്നു പറഞ്ഞിട്ട് കാര്യമില്ല; ചെകുത്താനും വളരെ

3. മുഹമ്മദ് നബി.

അദ്ധ്വാനിക്കുന്ന കൂട്ടത്തിലാണ്. ഖനനപ്രദേശത്തേക്ക് പോകുന്ന നിഷ്പക്ഷനായ ഒരു നിരീക്ഷകൻ അവിടം കണ്ടിട്ട് പറയും, സ്വർണ്ണഖനനം ഒരു ഭാഗ്യപരീക്ഷണം ആണെന്ന്; അങ്ങനെ കിട്ടുന്ന സ്വർണ്ണവും, സത്യസന്ധമായ അദ്ധ്വാനത്തിലൂടെ ഉണ്ടാകുന്ന സമ്പത്തും ഒരുപോലെയല്ലെന്ന്. പക്ഷെ പ്രായോഗിക ജീവിതത്തിൽ അയാൾ താൻ കണ്ടത് മറക്കുന്നു. കാരണം അയാൾ അവിടെ കണ്ടത് വസ്തുത മാത്രമാണ്; അവയ്ക്കു പിന്നിലെ തത്വമല്ല. അങ്ങനെ അയാൾ അതേ പ്രദേശത്ത് കച്ചവടം തുടങ്ങുന്നു. അതായത്, പൊതുവേ ഭാഗ്യപരീക്ഷണമായി തെളിയിക്കപ്പെട്ടിട്ടുള്ള മറ്റൊരു പരിപാടിയിൽ ചേരുന്നു. ഇതിന്റെ നിജസ്ഥിതി ആദ്യത്തേതിലേതുപോലെ സുവ്യക്തമല്ലെന്ന് മാത്രം.

ഒരു വൈകുന്നേരം, ആസ്ത്രേലിയയിലെ സ്വർണ്ണഖനനത്തെക്കുറിച്ചുള്ള ഹൌവിത്തിന്റെ ലേഖനം[4] വായിച്ചിട്ട്, ആ രാത്രി മുഴുവൻ എന്റെ മനക്കണ്ണിൽ അവിടത്തെ ദൃശ്യങ്ങൾ നിറഞ്ഞുനിന്നു. സർവ്വത്ര നശിപ്പിക്കപ്പെട്ട അനേകം താഴ്വരകളും അരുവികളും. അവിടം മുഴുവൻ പത്തുമുതൽ നൂറടിവരെ ആഴത്തിലും ആറടിയോളം വീതിയിലും പരമാവധി അടുത്തടുത്ത് കുഴിച്ചിട്ടുള്ള അഴുക്കും വെള്ളവും നിറഞ്ഞ കുഴികൾ. ഇവിടേക്കാണ് മനുഷ്യർ ഭാഗ്യവും തിരഞ്ഞ് ഭ്രാന്തുപിടിച്ച് പായുന്നത്. കുഴിച്ചു തുടങ്ങേണ്ടത് എവിടെയാണെന്ന് നിശ്ചയമില്ലാതെ, തങ്ങളുടെ കൂടാരത്തിന് ചുവട്ടിൽ സ്വർണ്ണം ഉള്ളതറിയാതെ, സ്വർണ്ണം കിട്ടുന്നതിനു മുൻപ് നൂറ്റിയറുപതടി വരെ കുഴിക്കും, ചിലപ്പോൾ വെറും ഒരടിയുടെ വ്യത്യാസത്തിൽ അതു നഷ്ടപ്പെട്ടും, പണത്തിനായുള്ള ആർത്തികൊണ്ട് കൂട്ടത്തിലുള്ളവരുടെ പോലും അവകാശങ്ങളെ പരിഗണിക്കാത്ത, ചെകുത്താന്മാരായി തീർന്ന മനുഷ്യർ! മുപ്പത് മൈലുകളോളം തേനീച്ചക്കൂടു പോലെ ഖനിക്കുഴികൾ നിറഞ്ഞ, നൂറുകണക്കിനാളുകൾ മുങ്ങിച്ചാവാൻ ഇടയായ പർവ്വതനിരകൾ! അവിടെ മണ്ണിലും ചെളിയിലും മുങ്ങി, രാപ്പകൽ അദ്ധ്വാനിച്ചു രോഗം പിടിച്ചു മരിക്കുന്ന മനുഷ്യർ.

ഞാനാ ലേഖനം വായിച്ചിട്ട്, അതിനെ അൽപ്പം വിസ്മരിച്ച്, മറ്റുള്ളവർ ചെയ്യുന്നതു തന്നെ ചെയ്യുന്ന, സംതൃപ്തിയില്ലാത്ത എന്റെ ജീവിതത്തെക്കുറിച്ചു ചിന്തിച്ചുപോയി. സ്വർണ്ണത്തിനായി കുഴിയെടുക്കുന്നവരെ കുറിച്ചോർത്ത്, ഞാൻ എന്നോടു തന്നെ ചോദിച്ചു: എനിക്കും എല്ലാ ദിവസവും കുറച്ചു സ്വർണ്ണം കഴുകി വൃത്തിയാക്കിയാൽ എന്താണ്? ഒരുവേള, അത് ഏറ്റവും നേർത്ത തരികൾ ആണെങ്കിൽ പോലും. എന്തുകൊണ്ടെനിക്ക് എന്റെയുള്ളിലെ സ്വർണ്ണഖനിയിലേക്ക് ഒരു വഴിവെട്ടുകയും അവിടെ പണിയെടുക്കുകയും ചെയ്തുകൂടാ? അവിടെ നിങ്ങൾക്കായി ഒരു ബല്ലാർട്ടും, ബെന്റിഗോയും ഉണ്ട്. അതിനി ഒരു സുൾക്കി-ഗള്ളി തന്നെ ആയാലെന്താണ്[5]? എത്രതന്നെ ഏകാന്തവും ഇടുങ്ങിയതും വളവുകളുള്ളതുമായാലും എനിക്ക് സ്നേഹത്തോടും ആദരവോടും സഞ്ചരിക്കാനാവുന്ന വഴിയിലൂടെയാണ് ഞാൻ മുന്നേറേണ്ടത്. ഈ ഒരു വികാരത്തോടെ എവിടെവെച്ച് ഒരു മനുഷ്യൻ ആൾക്കൂട്ടത്തിൽനിന്ന് വേർപിരിഞ്ഞ് തന്റേതായ രീതിയിൽ സഞ്ചരിച്ചു തുടങ്ങുന്നുവോ, അവിടെ അയാളുടെ വഴിയിൽ നിശ്ചയമായും രണ്ടു തിരിവുകൾ കാണപ്പെടും. സാധാരണ യാത്രക്കാർക്ക് അതു വേലിയിലെ വെറുമൊരു വിടവായിട്ടാവും തോന്നുക. അയാളുടെ ഏകാന്തമായ യാത്രയാകട്ടെ അവിടെവെച്ച് ആ വഴികളിൽ ഉന്നതമായതിലേക്ക് തിരിയും.

യഥാർത്ഥ സ്വർണ്ണം കാലിഫോർണിയയിലും ഓസ്ട്രേലിയയിലുമാണ് കണ്ടുകിട്ടുക എന്ന മട്ടിൽ ആളുകൾ അവിടങ്ങളിലേക്ക് പരക്കം പായുകയാണ്. സത്യത്തിൽ അവർ ആ സ്വർണ്ണമുള്ളതിന്റെ എതിർദിശയിലാണ് പോകുന്നത്. വിജയം പ്രതീക്ഷിച്ച് അവർ ശരിയായ ദിശയിൽനിന്ന് ദൂരേയ്ക്ക് ദൂരേയ്ക്ക് പോവുകയും, തങ്ങൾ വിജയിച്ചുവെന്ന് കരുതുമ്പോൾ തീർത്തും ഭാഗ്യംകെട്ടവരാവുകയും ചെയ്യുന്നു.

നമ്മുടെ സ്വന്തം മണ്ണിൽ സ്വർണ്ണം ഇല്ലെന്നുണ്ടോ? സുവർണ്ണ മലനിരകളിൽ നിന്നുള്ള ഒരരുവി നമ്മുടെ സ്വന്തം താഴ്വാരത്തിലൂടെ ഒഴുകുന്നില്ലേ? ആ അരുവി കൽപാന്തങ്ങളായി തിളക്കമുള്ളവയെ താഴേക്ക് കൊണ്ടുവന്ന് സ്വർണ്ണക്കട്ടകൾ നമുക്കായി രൂപപ്പെടുത്തുന്നില്ലേ? എന്നിട്ടും, ഒരുവൻ ആ യഥാർത്ഥ സ്വർണ്ണത്തിനായി നമുക്ക് ചുറ്റുമുള്ള തിരിച്ചറിയപ്പെടാത്ത ഏകാന്തതയിലേക്ക് പോവുകയാണെങ്കിൽ, അവനെ ആരെങ്കിലും പിന്തുടരുമെന്നോ, അവന്റെ സ്ഥാനം കൈയടക്കുമെന്നോ ഉള്ള യാതൊരു അപകടവും ഇല്ലെന്നത് വിചിത്രമായിരിക്കുന്നു. അയാൾ ആ താഴ്വാരം മുഴുവൻ തന്റെ താവളമാക്കി, ജീവിതകാലം മുഴുവൻ സ്വസ്ഥമായി ചിലവഴിച്ചാലും അതിനു

4. ആൽഫ്രെഡ്, ഡബ്ലിയു. ഹൌവിത്ത് നരവംശശാസ്ത്രജ്ഞൻ, പര്യവേഷകൻ (ഓസ്ട്രേലിയ).
5. ഇവ ഓസ്ട്രേലിയയിലെ സ്വർണ്ണഖനികളുടെ പേരുകളാണ്.

ള്ള അയാളുടെ അവകാശത്തെ ആരും ചോദ്യം ചെയ്യുകയില്ല. ആളുകൾ അയാളുടെ സുരക്ഷയെക്കുറിച്ചോ യാതനകളെക്കുറിച്ചോ ഉൽക്കണ്ഠപ്പെടുകയുമില്ല. ബല്ലാർട്ടിലേതു പോലെ പന്ത്രണ്ടടി സമചതുരത്തിൽ അയാളുടെ അവകാശം ഒതുങ്ങുന്നില്ല; അയാൾക്ക് എവിടവും തന്റെ ഗുഹയാക്കാം. തന്റെ സമർപ്പണത്താൽ, തന്നിൽനിന്ന് ഈ ലോകത്തെ മുഴുവൻ കഴുകിക്കളയാം.

ഓസ്ട്രേലിയയിലെ 'ബെൻഡിഗോ' ഖനിയിൽനിന്ന് ഇരുപത്തെട്ട് പൗണ്ടുള്ള ഒരു സ്വർണ്ണകട്ടി കണ്ടെടുത്ത മനുഷ്യനെക്കുറിച്ച് ഹൗവിത്ത് പറയുന്നു: "അയാൾ ഉടനെ കുടി തുടങ്ങി; ഒരു കുതിരയെ സംഘടിപ്പിച്ച് എല്ലായിടത്തുംകൂടിയും പരമാവധി വേഗത്തിൽ പാച്ചിലും തുടങ്ങി. ആ പോക്കിനിടയിൽ ആരെയെങ്കിലും കണ്ടുമുട്ടിയാൽ, അവരെ വിളിച്ച് താൻ ആരാണെന്ന് അറിയാമോയെന്ന് ചോദിച്ചിട്ട്, "സ്വർണ്ണക്കട്ടി കണ്ടെത്തിയ ആ നശിച്ച അലവലാതി" താനാണെന്ന് ഔദാര്യമട്ടിൽ പറയും. അവസാനം അയാൾ ഭയങ്കര വേഗത്തിൽ കുതിരയോടിച്ച് ഒരു മരത്തിൽ ചെന്ന് ഇടിക്കുകയും, തലച്ചോറ് ഏതാണ്ട് പുറത്തെത്തിക്കുകയും ചെയ്തു". ഇത്ര വലിയ അപകടമൊന്നും അല്ലെന്നാണ് എന്റെ പക്ഷം; അയാൾ ആദ്യമേ തന്നെ തന്റെ തല ആ സ്വർണ്ണക്കട്ടിയിൽ തല്ലി തകർത്തതാണല്ലോ! ഹൗവിത്ത് തുടരുന്നു: "യാതൊരു പ്രതീക്ഷക്കും വകയില്ലാത്ത വിധം ആ മനുഷ്യൻ നശിച്ചിരിക്കുന്നു". വാസ്തവത്തിൽ അയാളൊരു പ്രത്യേക വിഭാഗത്തിന്റെ പ്രതിനിധിയാണ്. അത്തരക്കാരെല്ലാം വെകിളി പിടിച്ചവന്മാരാണ്. അവർ ഖനനം ചെയ്യുന്ന ചില പ്രദേശങ്ങളുടെ പേരുകൾ നോക്കൂ: 'കഴുതച്ചന്തി', 'ആടുതലക്കുഴി', 'കൊലയാളിയുടെ മദ്യശാല'... ഈ പേരുകൾ അപഹാസ്യമല്ലെന്നുണ്ടോ? ഇവർ ഇവരുടെ ദുഷിച്ച സമ്പത്ത് ഇഷ്ടമുള്ളിടത്ത് കൊണ്ടുപോയ്ക്കൊള്ളട്ടെ; ഇവന്മാർ എവിടെയാണോ ഉള്ളത്, അവിടം 'കൊലയാളിയുടെ മദ്യശാല' യല്ലെങ്കിൽ 'കഴുതച്ചന്തി' ആയിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

നിങ്ങളുടെ അപ്പത്തിനുള്ള വെണ്ണ കിട്ടിയത് എങ്ങനെയാണെന്ന് നിങ്ങൾ ചോദിക്കരുത്; അതറിഞ്ഞാൽ നിങ്ങൾ അസ്വസ്ഥനാകും. ഒരു മനുഷ്യന്റെ നിഷ്കളങ്കത, അവൻ ആഹാരം കണ്ടെത്തുന്ന മാർഗ്ഗത്തിലൂടെ നഷ്ടപ്പെടുന്നതിലും ഭേദം അവൻ പട്ടിണി കിടക്കുന്നതാണ്. പരിഷ്കൃതനായ ഒരുവന്റെയുള്ളിൽ പരിഷ്ക്കാരമൊന്നുമില്ലാത്ത ഒരുത്തനില്ലെങ്കിൽ അവൻ ചെകുത്താന്റെ മാലാഖയാണ്. വയസ്സാവുന്തോറും നമ്മൾ കൂടുതൽ പരുക്കന്മാരായാണ് ജീവിക്കുക. നമ്മുടെ ചിട്ടകളിൽ നാം ഉദാസീനരാവും; ഏറ്റവും ഉദാത്തമായ വാസനകളെ നാം അനുസരിക്കാതാവും. വാസ്തവത്തിൽ നമ്മളപ്പോൾ ചെയ്യേണ്ടത്, നമ്മെക്കാൾ നിർഭാഗ്യവാന്മാരായവരുടെ കുറ്റപ്പെടുത്തലുകളെയൊന്നും കാര്യമാക്കാതെ നമ്മുടെ മനഃശക്തിയിൽ പരമാവധി ശ്രദ്ധയുള്ളവരാവുകയാണ്.

ശരിക്കും സ്വതന്ത്രനായ, വിശാലമനസ്സുള്ള, ബുദ്ധിജീവിയെന്ന് ഉറപ്പിച്ച് കരുതാവുന്ന കഷ്ടി ഒരാളെപ്പോലും എനിക്കറിയില്ല. മിക്ക ആളുകളോടും ഗൗരവമായി സംസാരിക്കുവാൻ നിങ്ങൾ മിനക്കെട്ടാൽ, അവർക്ക് നിക്ഷേപമുള്ള ഏതെങ്കിലും സ്ഥാപനവുമായി നേർക്കുനേർ നിൽക്കുന്നതായി അനുഭവപ്പെടും. അതായത്, കാര്യങ്ങളെ സാർവ്വത്രികമായിട്ടല്ലാതെ ഒരു പ്രത്യേകതരത്തിൽ മാത്രം കാണുന്ന രീതിയെ നിങ്ങൾ അഭിമുഖീകരിക്കും. അവർ നിങ്ങൾക്കും ആകാശത്തിനും ഇടയിൽ അവരുടെ പൊക്കം കുറഞ്ഞ, അധികം വെളിച്ചം കടക്കാത്ത മേൽക്കൂര ശക്തിയോടെ നിരന്തരം എടുത്തിടും. നിങ്ങൾ സ്വർഗ്ഗങ്ങൾ തന്നെ തടസ്സമൊന്നുമില്ലാതെ കാണുമ്പോഴാവും അവരിത് ചെയ്യുന്നത്. അവരോട് അവരുടെ ചിലന്തിവലകളുമായി ദൂരെപ്പോകാനും, ആദ്യം സ്വന്തം ജനാല വൃത്തിയായി കഴുകുവാനുമാണ് ഞാൻ പറയുക.

ചില പ്രസംഗവേദികളുടെ സംഘാടകർ, പ്രസംഗവിഷയങ്ങളിൽനിന്ന് മതത്തെ ഒഴിവാക്കുവാനായി വോട്ട് ചെയ്തുവെന്ന് എന്നോടു പറയാറുണ്ട്[6]. പക്ഷെ, ഞാൻ എങ്ങനെയാണ് അവർ ഉദ്ദേശിക്കുന്ന മതം എന്താണെന്നും അതിനോട് എനിക്ക് അടുപ്പമാണോ അല്ലയോ എന്നുമറിയുക? ഇക്കൂട്ടരുടെ വേദിയിലേക്ക് ഞാൻ ഒരിക്കൽ കയറിച്ചെല്ലുകയും, കഴിവിന്റെ പരമാവധി ഉപയോഗിച്ച് എന്റെ അനുഭവത്തിൽ മതം എന്താണെന്ന് പങ്കുവെക്കുകയും ചെയ്തു. പക്ഷെ ശ്രോതാക്കൾക്ക് ഞാൻ പറയുന്നത് എന്തിനെക്കുറിച്ചാണെന്ന് ഒരൂഹവും കിട്ടിയില്ല. അവർക്ക് എന്റെയാ പ്രസംഗം ചന്ദ്രികയോളംതന്നെ അല്ലലുണ്ടാക്കാത്തതായിരുന്നു. അതിനുപകരം ചരിത്രത്തിലെ ഏറ്റവും വലിയ തെമ്മാടികളുടെ ജീവചരിത്രമാ

6. തോറോയുടെ കാലത്ത് പലയിടങ്ങളിലും സ്ഥിരമായ പ്രസംഗവേദികൾ ഉണ്ടായിരുന്നു. ഇവിടങ്ങളിൽ ആരൊക്കെ സംസാരിക്കണമെന്നും എന്തൊക്കെയായിരിക്കണം വിഷയങ്ങൾ എന്നും വോട്ടിനിട്ടാണ് തീരുമാനിച്ചിരുന്നത്.

ണ് ഞാൻ അവിടെ വായിച്ചിരുന്നതെങ്കിൽ, അവരുടെ സഭാമേധാവികളുടെ ജീവിതകഥ ഞാൻ എഴുതിയതാണെന്ന് അവർ കരുതിയേനെ. സാധാരണഗതിയിൽ അവരുടെ അന്വേഷണങ്ങൾ ഇങ്ങനെയെല്ലാമാണ്, "നിങ്ങൾ എവിടെനിന്നു വരുന്നു?", "എങ്ങോട്ട് പോകുന്നു?" എന്റെ ഒരു ശ്രോതാവ് മറ്റൊരാളോട് ചോദിച്ച കൂടുതൽ ശ്രദ്ധേയമായ ചോദ്യം, "ഇയാൾ എന്തിനാണ് പ്രസംഗിക്കുന്നത്?" എന്നതായിരുന്നു. ആ ചോദ്യം എന്റെ മുട്ടുകളെ വിറകൊള്ളിച്ചു.

നിഷ്പക്ഷമായി പറഞ്ഞാൽ, എനിക്കറിയാവുന്ന ഏറ്റവും മികച്ച ആളുകൾ പോലും ഉള്ളിൽ സ്വസ്ഥതയുള്ളവരല്ല. അവർ മിക്കപ്പോഴും പുറംപ്പൂച്ചുകളിൽ അഭിരമിച്ചും അതിനെ പുകഴ്ത്തിയും ബാക്കിയുള്ളവരേക്കാൾ ഭേദമായി മാത്രം കാര്യങ്ങളെപ്പറ്റി പഠിക്കുന്നു. നമ്മൾ നമ്മുടെ വീടുകളും കളപ്പുരകളും ഉറപ്പിക്കാൻ പാറകൾ തിരഞ്ഞെടുക്കാറുണ്ട്; കല്ലുകൊണ്ട് വേലികളും പണിയാറുണ്ട്. പക്ഷെ, അടിത്തട്ടിലുള്ളതും പ്രാചീനവുമായ സത്യത്തിന്റെ പാറയിൽ നമ്മൾ സ്വയം പ്രതിഷ്ഠിക്കാറില്ല. നമ്മുടെ അടിത്തറ തകർന്നിരിക്കുന്നു. സ്വന്തം മനനത്താൽ, ഏറ്റവും തരളവും പരിശുദ്ധവുമായ സത്യത്തോട് ചേർന്നുനിൽക്കാത്ത മനുഷ്യൻ എന്തുസാധനം കൊണ്ടാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്? എന്റെ ഏറ്റവും മികച്ച ബന്ധങ്ങളെ പലപ്പോഴും അതിന്റെ കടുത്ത ഉപരിപ്ലവതയ്ക്ക് ഞാൻ കുററപ്പെടുത്താറുണ്ട്. എന്തിനെന്നാൽ, ഒരുപോലെയല്ലാത്ത സ്വഭാവരീതികളും ഗുണങ്ങളും നമുക്കുണ്ടെങ്കിലും, മൃഗങ്ങൾ പഠിപ്പിക്കുന്ന സത്യസന്ധതയുടെയും ആത്മാർത്ഥയുടെയും പാഠങ്ങൾ, പാറകൾ പഠിപ്പിക്കുന്ന ഉറപ്പിന്റെയും അചഞ്ചലതയുടേയും അറിവുകൾ, നമ്മൾ പരസ്പരം പഠിപ്പിക്കാത്തതിന്. സാധാരണ ഈ പിശക് ഇരുകൂട്ടരിലുമുണ്ടാവും; കാരണം, ഒരു ശീലമെന്നോണം ഇതിൽ കൂടുതലൊന്നും നമ്മൾ പരസ്പരം ആവശ്യപ്പെടുന്നില്ല.

നമ്മുടെ സാധാരണ സംഭാഷണങ്ങൾ പലപ്പോഴും പൊള്ളയും പ്രയോജനരഹിതവുമാണ്. അത്തരം സന്ദർഭങ്ങളിൽ ഒരു പുറം തോട് മറ്റൊന്നുമായി സന്ധിക്കുന്നു. നമ്മുടെ ജീവിതം അന്തർമുഖവും ഏകാന്തവും അല്ലാതാകുമ്പോൾ സംഭാഷണം വെറും പരദൂഷണമായി അധഃപതിക്കുന്നു. പത്രത്തിൽനിന്നു വായിച്ചറിഞ്ഞതോ, അയൽക്കാരൻ പറഞ്ഞു കേട്ടതോ അല്ലാത്ത എന്തെങ്കിലും വിവരം അറിയാവുന്ന ഒരുത്തനെ നമ്മൾ അപൂർവ്വമായാണ് കണ്ടുമുട്ടുക. മിക്കപ്പോഴും നമ്മളും നമ്മുടെ സുഹൃത്തുമായി ആകെയുള്ള  വ്യത്യാസം, അയാൾ പത്രം കണ്ടെന്നതോ, ചായ കുടിക്കാൻ പുറത്ത് പോയെന്നതോ ആയിരിക്കും. നമ്മുടെ ആന്തരികജീവിതം പരാജയപ്പെടുന്നതിനനുസരിച്ച് നമ്മൾ കടുത്ത ആകാംക്ഷയോടെ നിരന്തരം തപാലാപ്പീസിൽ പോകുന്നു. ഏറ്റവുമധികം കത്തുകളുമായി തന്റെ  വിശാലമായ സുഹൃദ്വലയത്തെക്കുറിച്ച് അഭിമാനിച്ചുകൊണ്ട് നടന്നകലുന്ന പാവം മനുഷ്യൻ, ഇന്നേവരേയ്ക്കും തന്റെയുള്ളിൽ നിന്ന് ശ്രവിച്ചിട്ടുണ്ടാവില്ലെന്ന കാര്യം ഉറപ്പാണ്.

ശരിക്കും സ്വതന്ത്രനായ, വിശാലമനസ്സുള്ള, ബുദ്ധിജീവിയെന്ന് ഉറപ്പിച്ച് കരുതാവുന്ന കഷ്ടി ഒരാളെപ്പോലും എനിക്കറിയില്ല. മിക്ക ആളുകളോടും ഗൗരവമായി സംസാരിക്കുവാൻ നിങ്ങൾ മിനക്കെട്ടാൽ, അവർക്ക് നിക്ഷേപമുള്ള ഏതെങ്കിലും സ്ഥാപനവുമായി നേർക്കുനേർ നിൽക്കുന്നതായി അനുഭവപ്പെടും. അതായത്, കാര്യങ്ങളെ സാർവ്വത്രികമായിട്ടല്ലാതെ ഒരു പ്രത്യേക തരത്തിൽ മാത്രം കാണുന്ന രീതിയെ നിങ്ങൾ അഭിമുഖീകരിക്കും

ആഴ്ചയിലൊരു പത്രം വായിക്കുന്നത് തന്നെ കുറെ അധികമാണ്. ഞാനിത് ഈയിടെ പരീക്ഷിച്ചു നോക്കി. പത്രം വായിച്ചു കുറേ നേരത്തേക്ക് ഞാനെന്റെ സ്വന്തം ഇടത്തിൽ ആയിരുന്നില്ലെന്നാണ് എനിക്കു തോന്നിയത്. അത്രയധികമൊന്നും എന്നോട് സൂര്യനും മേഘങ്ങളും മഞ്ഞും മരങ്ങളും സംസാരിക്കാറില്ല. ഒരാൾക്ക് രണ്ട് യജമാനന്മാരെ സേവിക്കുക സാധ്യമല്ല. ഒരു ദിവസത്തിന്റെ മഹത്വം തിരിച്ചറിയുവാനും അതു സ്വന്തമാക്കുവാനും ഒരു ദിവസത്തേക്കാൾ നീണ്ട സമർപ്പണം ആവശ്യമുണ്ട്.

നമ്മൾ ഒരു ദിവസം വായിച്ചതും കേട്ടതുമായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് പറയുവാൻ വാസ്തവത്തിൽ ലജ്ജ തോന്നേണ്ടതാണ്. നമ്മൾ കേൾക്കുന്ന വാർത്തകൾ മിക്കപ്പോഴും നമ്മുടെ പ്രതിഭയ്ക്കുതകുന്നവയല്ല; അങ്ങേയറ്റം ചീഞ്ഞുനാറുന്ന ആവർത്തനം മാത്രമാണ്. ഒരാൾക്കുണ്ടായ ഒരു പ്രത്യേക അനുഭവത്തിന് ഇത്രമാത്രം പ്രാധാന്യം കൊടുക്കുന്നതെന്തിനാണെന്ന് ചോദിക്കാൻ നമുക്ക് പലപ്പോഴും തോന്നിപ്പോകും. ഉദാഹരണത്തിന്, ഒരാൾ സർക്കാർ രജിസ്ട്രാറായ ഹോബ്ബിൻസിനെ ഇ

*➪ അപ്രസക്തമായ കാര്യങ്ങൾ ശ്രദ്ധിക്കുന്ന ശീലത്താൽ മനസ്സ് പൂർണ്ണമായും നശിക്കുമെന്നാണ് എന്റെ വിശ്വാസം ➪*

രുപത്തഞ്ചു വർഷങ്ങൾക്കുശേഷം തെരുവിൽവച്ചു വീണ്ടും കണ്ടുമുട്ടിയത്രേ! ഇതു പറയുന്നയാൾ തന്റെ ഇരുപത്തഞ്ചു വർഷം മുമ്പത്തെ നിലവാരത്തിൽനിന്നും ഒരിഞ്ചു മുന്നോട്ടു പോയിട്ടില്ലെന്നോ! ഈ വിധമാണ് ദൈനംദിന വാർത്തകൾ. അതിലെ വസ്തുതകൾ അന്തരീക്ഷത്തിലൂടെ ഒഴുകി നടക്കുന്നതായി തോന്നും. അത്തരം വാർത്തകൾ പൂപ്പലിന്റെ പൊടി പോലെ അപ്രസക്തവും മനുഷ്യമനസ്സിനു മേലെ വളരുന്ന ഇത്തിക്കണ്ണികളുമാണ്. അവയെ നാം നമ്മിൽനിന്ന് കഴുകിക്കളയണം. നമ്മുടെ ഈ ഗ്രഹം ഉടനെ പൊട്ടിത്തെറിക്കാൻ പോവുകയാണെന്നിരിക്കട്ടെ; അതിലൊരു മൗലികതയുമില്ലെങ്കിൽ പിന്നെന്ത് കാര്യം? നമുക്കു നല്ല ആരോഗ്യമുള്ളപ്പോൾ ഇത്തരം സംഭവങ്ങളിൽ ഒരുവിധ ജിജ്ഞാസയും ഉണ്ടാവില്ല. അലസമായ തമാശകൾക്കായല്ല നാം ജീവിക്കുന്നത്. ലോകം പൊട്ടിത്തെറിക്കുന്നത് നന്നായൊന്ന് കാണാൻ വേണ്ടി ഞാനൊരിക്കലും തെരുവിന് ചുറ്റും ഓടി നടക്കില്ല.

വേനൽക്കാലം മുഴുവനും, ഒരു വേള ശിശിരവും, പത്രങ്ങളും വാർത്തകളും നിങ്ങളറിയാതെ കടന്നുപോയെന്നിരിക്കട്ടെ. അപ്പോഴാവും നിങ്ങൾക്ക് മനസ്സിലാവുക, നിങ്ങളുടെ പ്രഭാതങ്ങളും സന്ധ്യകളുമെല്ലാം വിശേഷങ്ങളാൽ നിറഞ്ഞവയായിരുന്നുവെന്ന്; നിങ്ങളുടെ കാൽനടയാത്രകളിലൊക്കെ ഒരുപാട് സംഭവങ്ങൾ ഉണ്ടായിരുന്നുവെന്ന്. ആ സമയത്ത് നിങ്ങൾ യൂറോപ്പിലെ വിശേഷങ്ങളല്ല, മസ്സാച്ചുസെറ്റ്സ് പ്രദേശത്തെ കാര്യങ്ങളാവും ശ്രദ്ധിച്ചിട്ടുണ്ടാവുക. പത്രവാർത്തകൾ സൃഷ്ടിക്കപ്പെടുന്ന ആ നേരിയ തലത്തിലാണ് - വാർത്തകൾ അച്ചടിക്കുന്ന കടലാസിനേക്കാൾ നേരിയത് - നിങ്ങൾക്കു ജീവിക്കുവാനും മുന്നോട്ടു പോകുവാനും അവസരം കിട്ടുന്നതെങ്കിൽ, നിങ്ങളുടെ ലോകം മുഴുവനും അത്തരം കാര്യങ്ങളാൽ നിറയും. എന്നാൽ നിങ്ങൾ ആ തലത്തിന് മുകളിലേക്ക് ഉയരുകയോ ആഴങ്ങളിലേക്ക് പോവുകയോ ചെയ്താൽ, നിങ്ങൾക്ക് അത്തരം വാർത്തകൾ ഓർക്കാനോ മറ്റാർക്കെങ്കിലും അവ നിങ്ങളെ ഓർമ്മിപ്പിക്കുവാനോ കഴിയില്ല. എല്ലാദിവസവും സൂര്യോദയവും അസ്തമയവും കാണുവാനും, അങ്ങനെ പ്രപഞ്ചസത്തയുമായി താദാത്മ്യപ്പെടുവാനും ആയാൽ അതു നമ്മെ എക്കാലവും മനഃസന്തുഷ്ടിയുള്ളവരായി സൂക്ഷിക്കും.

പവിത്രമായിരിക്കേണ്ട എന്റെ മനസ്സിലേക്ക് ഏറ്റവും അപ്രസക്തവും, നിർജ്ജീവവുമായ സംഭവങ്ങളെയും പരദൂഷണങ്ങളെയും കടത്തിവിടുന്നതിന് എത്രയടുത്ത് വരെ ഞാൻ എത്തിയിരുന്നുവെന്ന് ചെറിയ ഞെട്ടലോടെയല്ലാതെ എനിക്ക് ഓർമ്മിക്കാൻ കഴിയില്ല. ഇത്തരം ചവറുകളാൽ മനസ്സ് നിറയ്ക്കുവാൻ ആളുകൾ എത്രമാത്രം ഉത്സുകരാണെന്നു കണ്ട് ഞാൻ ആശ്ചര്യപ്പെടാറുണ്ട്. മനസ്സ്, തെരുവുസംഭവങ്ങളും തീന്മേശയിലെ പരദൂഷണങ്ങളും പ്രാധാന്യത്തോടെ ചർച്ചചെയ്യപ്പെടുന്ന പൊതുസ്ഥലമാവുകയാണോ വേണ്ടത്? അതോ, അത് സ്വർഗ്ഗത്തിന്റെ ഭാഗമോ, ദൈവങ്ങൾക്കായി സമർപ്പിക്കപ്പെട്ട ഒരു ദേവാലയം തന്നെയോ ആകണോ? സകലവിധ യാത്രകളും അതിന്റെയൊക്കെ തിരക്കും അസഭ്യവർഷവും ചേർന്ന തെരുവ് ധ്യാനത്തിനായുള്ള നമ്മുടെ ദേവാലയത്തിലൂടെ കടന്നുപോകുക! ഇത് ധൈഷണികവും സാന്മാർഗികവുമായ ആത്മഹത്യ അല്ലെന്നുണ്ടോ?

ഇത്തരം കാര്യങ്ങളെ എല്ലാവിധ കെണികളാലും മുന്നറിയിപ്പുകളാലും ദൈവീകനിയമത്തിന്റെ പരമാവധി ശിക്ഷയാൽ ഭീഷണിപ്പെടുത്തിയും നിങ്ങളുടെ പവിത്രമായ ഒരേയൊരു ഇടത്തിൽനിന്ന് ഒഴിവാക്കേണ്ടതുണ്ട്. ഓർക്കുന്നതുകൊണ്ട് യാതൊരു ഗുണവുമില്ലാത്ത കാര്യങ്ങൾ മറക്കുവാൻ ഏറ്റവും ബുദ്ധിമുട്ടാണ്. ഞാനൊരു പൊതുവഴിയാവാനാണെങ്കിൽ, അത് മലഞ്ചോലകളുടെയോ പാർനേസ്സിയൻ അരുവികളുടെയോ തീരത്താകുന്നതാണ് എനിക്കിഷ്ടം; പട്ടണത്തിലെ ഓവുചാലുകൾക്കൊപ്പമാവാനല്ല. ഒരുവശത്ത് ശ്രദ്ധാലുവായ മനസ്സിനു ശ്രവിക്കുവാനാകുന്ന സ്വർഗ്ഗത്തിൽനിന്നുള്ള പ്രചോദിപ്പിക്കുന്ന സംഭാഷണങ്ങളാണെങ്കിൽ, മറുവശത്ത് മദ്യശാലകളിലെയും പോലീസ് കോടതികളിലേയും അവിശുദ്ധവും ജീർണ്ണിച്ചതുമായ വെളിപ്പെടുത്തലുകളാണ്. ഇവ രണ്ടും സ്വീകരിക്കുവാനുള്ളത് ഒരേ ചെവിയാണ്. ഇതിൽ ഏതിനെ സ്വീകരിക്കണം ഏതിനെ അവഗണിക്കണം എന്നു തീരുമാനിക്കുന്നത് കേൾക്കുന്നവന്റെ സ്വഭാവമാണ്. അപ്രസക്തമായ കാര്യങ്ങൾ ശ്രദ്ധിക്കുന്ന ശീലത്താൽ മനസ്സ് പൂർണ്ണമായും നശിക്കുമെന്നാണ് എന്റെ വിശ്വാസം. ആ സ്വഭാവം, നമ്മുടെ ചിന്തകളിലെല്ലാം അൽപ്പത്തം ചാലിക്കും.

അത്തരത്തിൽ നിന്ദ്യമായി നമ്മൾ നമ്മോടുതന്നെ പെരുമാറിയിട്ടുണ്ടെങ്കിൽ-അങ്ങനെ ചെയ്യാത്തവരായി ആരുണ്ട്?-ശ്രദ്ധയാലും സമർപ്പണത്താലും നമ്മെ വീണ്ടും ഒരു ദേവാലയമാക്കലാണ് പരിഹാരം. നാം നമ്മുടെ മനസ്സുകളെ, അതായത് നമ്മെ ത

⇨ *ശാസ്ത്രത്തിലെ വസ്തുതകൾ പോലും അതിന്റെ ഉണക്കു സ്വഭാവംകൊണ്ട് നമ്മുടെ മനസ്സിനെ പൊടിപിടിപ്പിക്കും* ⇨



ശില്പം: അന്തോണിയോ ഗോർമിലെ

ന്നെ, നിഷ്കളങ്കരായ കുട്ടികളായും, നമ്മൾ അവരുടെ രക്ഷാകർത്താക്കളാണെന്ന മട്ടിലും വേണം കൈകാര്യം ചെയ്യുവാൻ. അവരുടെ ശ്രദ്ധയെ എന്തൊക്കെ വസ്തുക്കളിലേക്കും വിഷയങ്ങളിലേക്കുമാണ് നയിക്കുന്നതെന്ന കാര്യത്തിൽ നമുക്ക് കരുതലുണ്ടാവണം. അറിയേണ്ടത് സമയത്തെയല്ല, നിത്യതയെയാണ്. പഴകിയ മാമൂലുകൾ മറ്റു വൃത്തികേടുകളുടെയത്രതന്നെ നികൃഷ്ടമാണ്. ശാസ്ത്രത്തിലെ വസ്തുതകൾ പോലും അതിന്റെ ഉണക്കു സ്വഭാവംകൊണ്ട് നമ്മുടെ മനസ്സിനെ പൊടിപിടിപ്പിക്കും. അതല്ലെങ്കിൽ അവ എല്ലാ ദിവസവും പുലർച്ചെ തുടച്ചുമാറ്റപ്പെടുകയോ, പുതുതും ജീവിക്കുന്നതുമായ സത്യത്തിന്റെ മഞ്ഞുതുള്ളികളാൽ സമൃദ്ധമാക്കപ്പെടുകയോ വേണം. അറിവ് നമ്മളിലേക്ക് വരുന്നത് കുറേ വിശദാംശങ്ങളായിട്ടല്ല; സ്വർഗ്ഗത്തിൽ നിന്നുള്ള വെളിച്ചത്തിന്റെ മിന്നലുകളായാണ്.

അമേരിക്ക, സ്വാതന്ത്ര്യത്തിനായുള്ള യുദ്ധം നടക്കുവാൻ പോകുന്ന ഇടമായാണ് പറയപ്പെടുന്നത്[7]. തീർച്ചയായും വെറും രാഷ്ട്രീയ അർത്ഥത്തിലുള്ള സ്വാതന്ത്ര്യം ആയിരിക്കില്ല ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. അമേരിക്കക്കാരൻ ചൂഷകനായ ഒരു ഭരണാധികാരിയിൽനിന്ന് അവനെത്തന്നെ സ്വതന്ത്രനാക്കിയെന്നു നമ്മൾ സമ്മതിച്ചാലും, അവൻ സാമ്പത്തികമോ ധാർമ്മികമോ ആയ ശീലങ്ങളുടെ അടിമയായി തുടരുകയാണ്. അതായത് ഇപ്പോൾ നാം പൊതുനന്മയുടെ-രാഷ്ട്രത്തിന്റെ-കാര്യം ശരിപ്പെടുത്തിയിരിക്കുന്നു; ഇനി നാം വ്യക്തിക്ക്-സ്വകാര്യ രാഷ്ട്രത്തിന്-യാതൊരു അധ:പതനവും വരാതെ ശ്രദ്ധിക്കേണ്ട സമയമാണ്.

നമ്മൾ ഈ നാടിനെ സ്വതന്ത്രദേശമെന്നു വിളിക്കുമോ? നമ്മൾ ജോർജ് രാജാവിന്റെ കീഴിൽ നിന്ന് സ്വതന്ത്രരായിട്ടും കുറേ മുൻവിധികളുടെ അടിമകളായി തുടരുകയാണെങ്കിൽ ആ സ്വാതന്ത്ര്യത്തിന് എന്തർത്ഥമാണുള്ളത്? സ്വതന്ത്രനായി ജനിച്ചിട്ട് സ്വതന്ത്രനായി ജീവിക്കുന്നില്ലെങ്കിൽ, പിന്നെന്തു കാര്യം? ധാർമ്മികമായ സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗ്ഗമായിട്ടല്ലാതെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് എന്തു മൂല്യമാണുള്ളത്? അടിമകളായിരിക്കുവാനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചാണോ സ്വതന്ത്രരായിരിക്കുവാനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചാണോ നമ്മൾ മേനിനടിക്കുന്നത്? സ്വാതന്ത്ര്യത്തിന്റെ ഏറ്റവും ഉപരിപ്ലവമായ തലങ്ങളെക്കുറിച്ച് മാത്രം ക

7. അടിമത്തം നിരോധിക്കണമോ വേണ്ടയോ എന്നതിനെ ചൊല്ലി അമേരിക്കയിലെ രണ്ടു പ്രബല വിഭാഗങ്ങൾ തമ്മിൽ ഉണ്ടായ തർക്കത്തേയും തുടർന്നുണ്ടായ ആഭ്യന്തരയുദ്ധത്തെയുമാണ് പരാമർശിക്കുന്നത്.

രുതലുള്ള രാഷ്ട്രീയക്കാരുടെ രാജ്യമാണ് നമ്മുടേത്. ഇങ്ങനെയാണെങ്കിൽ സ്വതന്ത്ര രാകുവാൻ എന്തെങ്കിലും സാധ്യതയുള്ള വർ നമ്മുടെ മക്കളുടെ മക്കളായിരിക്കും. നാം നമുക്ക് ചുമത്തുന്ന നികുതികൾ അന്യായമാണ്. നമ്മുടെ യഥാർത്ഥ സത്ത ഇവിടെ പ്രതിനിധീകരിക്കപ്പെടുന്നില്ല. ഇത് പ്രാതിനിധ്യമില്ലാത്ത നികുതി പിരിവാണ്. നമ്മൾ സൈന്യങ്ങളേയും വിഡ്ഢികളേയും സകലമാന കന്നുകാലികളേയും ചുമക്കുകയാണ്. നമ്മൾ നമ്മുടെ പെരുത്ത സ്ഥാപനങ്ങളെ നമ്മുടെ പാവം ഹൃദയങ്ങൾക്കു മേൽ കെട്ടിവെക്കുന്നു; ആദ്യത്തേത് രണ്ടാമത്തേതിന്റെ കാമ്പ് മുഴുവൻ തിന്നുതീർക്കും വരെ.

മനുഷ്യത്വവുമായും അതിന്റെ യഥാർത്ഥ സംസ്കാരവുമായും താരതമ്യം ചെയ്താൽ നമ്മൾ ഒട്ടും പാകമാവാത്തവരാണ്; വെറും ദരിദ്രവാസികൾ. കാരണം, നാം നമ്മുടെ മാനദണ്ഡങ്ങൾ കണ്ടെത്തുന്നത് ഹൃദയത്തിൽ നിന്നല്ല. നമ്മൾ സത്യത്തെയല്ല, അതിന്റെ നിഴലുകളെയാണ് ആരാധിക്കുന്നത്. കച്ചവടം, വ്യവസായം, നിർമ്മാണം, കൃഷി തുടങ്ങിയവയ്ക്കായി നാം പൂർണ്ണമായും സമർപ്പിക്കയാൽ, നമുക്ക് അത്രമാത്രം വക്രതയും സങ്കുചിതത്വവും സംഭവിച്ചിരിക്കുന്നു. ഇപ്പറഞ്ഞവയൊക്കെ വെറും മാർഗ്ഗങ്ങളത്രെ; ലക്ഷ്യം അല്ല തന്നെ.

സർക്കാരും നിയമനിർമ്മാണവും - ഇവ രണ്ടും ആദരണീയമാണെന്നാണ് ഞാൻ കരുതിയിരുന്നത്! പക്ഷെ അടിമകളെ വളർത്തുന്നതിനും പുകയില കയറ്റുമതി ചെയ്യുന്നതിനുമായി നിയമങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ചൊന്ന് ആലോചിച്ച് നോക്കൂ! ദിവ്യന്മാരായ നിയമനിർമ്മാതാക്കൾക്ക് പുകയിലയുടെ കയറ്റുമതിയും ഇറക്കുമതിയുമായിട്ടെന്താണ് ബന്ധം? മനുഷ്യത്വവും അടിമയെ വളർത്തലും തമ്മിലെന്തു ബന്ധം? ഈ ചോദ്യം നിങ്ങൾ ഏതെങ്കിലും ദൈവപുത്രന് സമർപ്പിക്കുകയാണെന്നു വെക്കുക - പത്തൊൻപതാം നൂറ്റാണ്ടിലെന്താ ദൈവത്തിന് കുട്ടികൾ ഇല്ലെന്നുണ്ടോ? അതോ വംശനാശം സംഭവിച്ച ഒരു കുടുംബമാണോ അത്? - നിങ്ങൾക്ക് എന്തു മറുപടിയാണ് കിട്ടുക? മേൽപ്പറഞ്ഞ മട്ടിൽ അടിസ്ഥാന നിലപാടുകളും ഉൽപ്പന്നങ്ങളുമുള്ള വിർജീനിയ സംസ്ഥാനം അതിന്റെ അന്ത്യനാളിൽ അതിനെക്കുറിച്ചു സ്വയം എന്തുപറയും? അത്തരമൊരു രാജ്യത്ത് ദേശഭക്തിക്ക് എന്ത് അർത്ഥമാണുള്ളത്?

കശുവണ്ടിക്കും ഉണക്കമുന്തിരിക്കുമായി സകല കടലും പിടിച്ചടക്കുകയും അതിനായി സ്വന്തം നാവികരെ അടിമകളെപ്പോലെ പണിയെടുപ്പിക്കുകയും ചെയ്യുന്ന കച്ചവടം! ഞാൻ ഒരിക്കൽ കുറെപ്പേരുടെ മരണത്തിനിടയാക്കി തകർന്നുകിടക്കുന്ന ഒരു കപ്പൽ കണ്ടു. അതിലെ ചരക്കുകളായിരുന്ന ബെറികളുടെയും, കയ്പ്പൻ ആൽമണ്ടിന്റെയും കഷ്ണങ്ങൾ തീരത്തെമ്പാടും ചിതറി കിടന്നിരുന്നു. മദ്യമുണ്ടാക്കുവാനുള്ള ആ ബെറികൾക്കും ആൽമണ്ടിനുമായി കടലിലെ അപകടങ്ങൾ നേരിടുന്നതിൽ എന്തെങ്കിലും കാര്യമുണ്ടെന്ന് എനിക്കു തോന്നിയില്ല. എന്നിട്ടും അത്തരമൊന്നാണ് വലിയൊരളവോളം നമ്മുടെ കൊട്ടിഘോഷിക്കപ്പെടുന്ന വ്യാപാരം! മദ്യകുപ്പിക്കു ചുറ്റും ഈച്ചകൾ കാട്ടിക്കൂട്ടുന്നതുപോലുള്ള ഇത്തരം ഇടപാടുകളേയും അദ്ധ്വാനത്തേയും ആശ്രയിച്ചാണ് പുരോഗതിയും നാഗരികതയും നിലനിൽക്കുന്നതെന്ന് കരുതുവാൻ മാത്രം അന്ധരും, അതേസമയം തത്വജ്ഞാനികളും രാഷ്ട്രതന്ത്രജ്ഞരുമായി സ്വയം നടിക്കുന്നവരുമായ ആളുകൾ ഇവിടെയുണ്ട്.

അടിമസമ്പ്രദായത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനെന്നു പറഞ്ഞ് നമ്മുടെ സർക്കാർ ആമസോൺ പര്യവേഷണത്തിന് അയച്ച ലെഫ്ടനന്റ് ഹേൺഡൺ "അവിടെ സംരംഭകത്വവും ചടുലതയും, തങ്ങളുടെ രാജ്യത്തിലെ സമൃദ്ധമായ പ്രകൃതിവിഭവങ്ങൾ കണ്ടെത്തുവാന്മാത്രം കൃത്രിമമായ ആവശ്യങ്ങളുമുള്ള" ഒരു ജനതയുണ്ടെന്നു നിരീക്ഷിച്ചു. പക്ഷെ, പ്രോത്സാഹിപ്പിക്കപ്പെടേണ്ടതായ ഈ കൃത്രിമ ആവശ്യങ്ങൾ എന്തൊക്കെയാണ്? അത് പുകയിലയും അടിമകളും പോലുള്ള ആഢംബരങ്ങളിൽ ആ നാവികന്റെ നാടായ വിർജീനിയക്കുള്ള ഭ്രമമല്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അത്, പുതിയ ഇംഗ്ലണ്ടിലെ വജ്രവും ഗ്രാനൈറ്റും പോലുള്ള ഭൗതിക സമ്പത്തുകളോ, അതിനെല്ലാം കാരണമായ "രാജ്യത്തെ സമൃദ്ധമായ പ്രകൃതി വിഭവങ്ങളോ", അതുള്ള മണ്ണിന്റെ ഊഷരതയോ ഊർവരതയോ അല്ല! ഞാൻ പോകുവാൻ ഇടയായിട്ടുള്ള സ്ഥലങ്ങളിലെ ജനങ്ങൾക്കെല്ലാം ഏറ്റവും അത്യാവശ്യമായിട്ടുള്ളത്, ഉന്നതവും ആത്മാർത്ഥവുമായ ജീവിത ഉദ്ദേശ്യമായിരുന്നു. അതുമാത്രമാണ് (മനുഷ്യ) പ്രകൃതിയിലെ മഹത്തായ വിഭവങ്ങളെ പുറത്തുകൊണ്ടുവരുന്നതും, അവസാനം പ്രകൃതിയുടെ പരിധിക്കുമപ്പുറം അവളിൽ നിന്ന് എടുക്കയാൽ മനുഷ്യന് അവളിൽ നിന്ന് മോക്ഷം നൽകുന്നതും. നമ്മൾ ഉരുളക്കിഴങ്ങിനേക്കാൾ സംസ്കാരത്തിന് വേണ്ടിയും, മധുരമുള്ള പ്ലമ്മിനേക്കാൾ അറിവിനു വേണ്ടിയും ആഗ്രഹിക്കുമ്പോഴാണ്



ലോകത്തിലെ മഹത്തായ വിഭവങ്ങൾ വെളിപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുക. അതിന്റെ ഫലം അഥവാ അനിവാര്യമായ ഉൽപ്പന്നം അടിമകളോ തൊഴിലാളികളോ അല്ല; മറിച്ച് മനുഷ്യരാണ്. നായകരെന്നും ഋഷിമാരെന്നും കവികളെന്നും തത്വജ്ഞാനികളെന്നും രക്ഷകരെന്നും വിളിക്കപ്പെടുന്ന അപൂർവ്വ ഫലങ്ങളാണ്.

ചുരുക്കിപ്പറഞ്ഞാൽ, കാറ്റ് ഇല്ലാത്തപ്പോൾ മഞ്ഞ് കൂനകൂടുന്നതു പോലെ, ഒരിടത്ത് സത്യത്തിന്റെ അഭാവം ഉള്ളപ്പോൾ അവിടെയൊരു സ്ഥാപനം പൊട്ടിമുളക്കുന്നു. പക്ഷെ, എന്തൊക്കെയായാലും സത്യം കൃത്യമായി അതിനു മുകളിൽ വീശുകയും അതിനെ മറിച്ചിടുകയും ചെയ്യും.

രാഷ്ട്രീയമെന്ന് വിളിക്കപ്പെടുന്ന മേഖല താരതമ്യേന ഉപരിപ്ലവവും മനുഷ്യത്വരഹിതവും ആയതിനാൽ എന്നെ സംബന്ധിച്ച് അതിനെന്തെങ്കിലും പ്രാധാന്യമുള്ളതായി ഞാനൊരിക്കലും അംഗീകരിച്ചിട്ടില്ല. പത്രങ്ങൾ അവരുടെ കുറച്ചു കോളങ്ങൾ കാശൊന്നും ഈടാക്കാതെ രാഷ്ട്രീയത്തിനും സർക്കാരിനും മാത്രമായി സൂക്ഷിക്കുന്നുവെന്നു ഞാൻ കാണുന്നു. പത്രങ്ങളെ നിലനിറുത്തുന്നത് അതാണെന്നും ഒരാൾ പറഞ്ഞേക്കും. പക്ഷെ ഞാൻ സാഹിത്യത്തേയും, ഒരു പരിധിവരെയെങ്കിലും സത്യത്തേയും സ്നേഹിക്കുന്നതിനാൽ ഒരുകാലത്തും ഒരുതരത്തിലും ഈ കോളങ്ങൾ ഞാൻ വായിക്കാറില്ല. ഞാൻ എന്റെ നീതിബോധത്തെ കണ്ടമാനം മന്ദിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രസിഡന്റിന്റെ ഒരൊറ്റ സന്ദേശം പോലും വായിക്കാത്തതിനെക്കുറിച്ച് എനിക്ക് ഒരുത്തനോടും ഉത്തരം പറയേണ്ടതില്ല.

ഇതൊരു വിചിത്രമായ കാലഘട്ടം തന്നെ! സാമ്രാജ്യങ്ങളും രാജഭരണ പ്രദേശങ്ങളും റിപ്പബ്ലിക്കുകളുമെല്ലാം ഒരു സ്വകാര്യ വ്യക്തിയുടെ വാതിൽക്കൽ വന്ന് ഇരക്കുകയും പരാതി പറയുകയും ചെയ്യുക! എനിക്കൊരൊറ്റ പത്രം പോലും കൈകൊണ്ടു തൊടുവാൻ നിവൃത്തിയില്ല. ഞാനതിൽ കാണുന്നത്, അവശത പിടിച്ച് തള്ളലേറ്റ് മറിഞ്ഞു വീഴാറായ ഒരു സർക്കാർ അല്ലെങ്കിൽ മറ്റൊന്ന്, എന്നോട്-വായനക്കാരനോട്, അതിനു വോട്ടു ചെയ്യാൻ ഒരു ഇറ്റാലിയൻ പിച്ചക്കാരനേക്കാൾ ദയനീയമായി യാചിക്കുന്നതാണ്[8]. വാസ്തവത്തിൽ വാർത്താപത്രങ്ങളാണ് ഭരിച്ചുകൊണ്ടിരിക്കുന്ന ശക്തി. ബാക്കിയെല്ലാം സ്വാതന്ത്ര്യക്കോട്ടയിലെ ചില പോരാളികൾ മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഒരു മനുഷ്യൻ പത്രം വായിക്കുന്നത് ഒഴിവാക്കിയാൽ സർക്കാർ അവന്റെ മുന്നിൽ മുട്ടുകുത്തും; കാരണം ഇക്കാലത്ത് ജനവഞ്ചനക്കുള്ള ഒരെയോരുപാധി പത്രങ്ങളാണ്.

ആളുകളുടെ ശ്രദ്ധ ഏറ്റവുമധികം പിടിച്ചുപറ്റുന്ന കാര്യങ്ങൾ-രാഷ്ട്രീയവും ദിനചര്യയും പോലുള്ളവ-മനുഷ്യസമൂഹത്തിലെ പ്രധാനപ്പെട്ട വ്യവഹാരങ്ങളാണെങ്കിലും, നമ്മുടെ ശരീരത്തിന്റെ പ്രവർത്തനം പോലെ അബോധമായി നടക്കേണ്ടവയാണ്. അത്തരം കാര്യങ്ങളിലേക്ക് ഞാൻ ചിലപ്പോഴൊക്കെ ഉണരാറുണ്ട്; അസ്വസ്ഥമായ അവസ്ഥയിൽ ഒരു മനുഷ്യൻ സ്വന്തം ദഹനപ്രക്രിയയെകുറിച്ച് ബോധവാനാകുന്നതുപോലെ. രാഷ്ട്രീയം സമൂഹത്തിന്റെ ഭീമൻ കുടലാണ്. ആ കുടലിന്റെ രണ്ടു പകുതികളാണ് രണ്ട് രാഷ്ട്രീയ പാർട്ടികൾ. ചിലപ്പോളവ നാലായി പിരിയുകയും പരസ്പരം ഞെരുക്കുകയും ചെയ്യുന്നു. വ്യക്തികൾക്കു മാത്രമല്ല രാജ്യങ്ങൾക്കും സ്ഥിരമായ ദഹനക്കേടുകളുണ്ട്; പലവിധ ഗീർവാണങ്ങളിലൂടെ അതു സ്വയം വെളിപ്പെടുത്തുന്നു.

എങ്കിലും, നമ്മൾ എന്തിനാണ് നമുക്കെപ്പോഴും ദഹനക്കേടാണെന്ന മട്ടിൽ നമ്മുടെ ദുഃസ്വപ്നങ്ങൾ പങ്കുവെക്കാൻ മാത്രമായി ഒത്തുചേരുന്നത്?! നമുക്കെന്തുകൊണ്ട് ചിലപ്പോഴൊക്കെ നമ്മുടെ ആരോഗ്യമുള്ള ദഹനത്തെയും, എത്രയും മഹത്തായ പ്രഭാതത്തെയും കുറിച്ച് പരസ്പരം അഭിനന്ദിക്കുവാൻ വേണ്ടി ഒത്തുചേർന്നുകൂടാ? തീർച്ചയായും അതിരുകടന്ന ഒരു ആവശ്യമല്ല ഞാൻ ഉന്നയിക്കുന്നത്. ■

8. ഇറ്റലിയിലെ ദാരിദ്ര്യംകൊണ്ട് അവിടന്ന് ധാരാളം ആളുകൾ അമേരിക്കയിലേക്ക് കുടിയേറുമായിരുന്നു. അത്തരം കുടിയേറ്റക്കാരിൽ പലരും ഇറ്റലിയിൽ ഉണ്ടായ ഏതെങ്കിലും പ്രകൃതി ദുരന്തത്തിന്റെ പേരുപറഞ്ഞ് യാചിച്ചാണ് കഴിഞ്ഞിരുന്നത്.